കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-9/1227/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 07.12.2018.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡയറക്ടർഡെപ്യൂട്ടി,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 9/1227/2018. തിയ്യതി:07.012.2018.

# കാസർഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-08-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24-09-2018മുതൽ 05-10-2018വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.കിരൺദാസ്. പി | ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ. രഘുനാഥൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കുഞ്ഞികൃഷ്ണൻ.കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സുനിൽ കുമാർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ശകുന്തള.കെ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.എം.വത്സൻ | 01-04-2017 മുതൽ 19-08-2017 (AN) വരെ |
| | ശ്രീ.കൃഷ്ണകുമാർ .ടി.എ | 19-08-2017 (FN) മുതൽ 31-3-2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ (01-04-2017മുതൽ 31-03-2018 വരെ )

| ക്രമ. നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | കൃഷ്ണകുമാർ.ടി.എ | 01.04.217മുതൽ 07.06.2017 വരെ |
| | | വിജയൻ.കെ (H.C,Ad-Charge) | 08.06.2017മുതൽ 12.07.2017 വരെ |
| | | അജിത്ത് പി.ഡി | 13.07.2017മുതൽ 15.11.2017 വരെ |
| | | പ്രശാന്ത്കുമാർ (H.C,AdCharge) | 16.11.2017മുതൽ 29.12.2018 വരെ |
| | | മൃദുല എം.ടി | 30.12.2017മുതൽ 27.01.2018 വരെ |
| | | വിനോദ്.സി.വി, അക്കൗണ്ടന്റ് (Ad- Charge) | 28.01.2018മുതൽ 13.02.2018 വരെ |
| | | അജുദേവ്. വി | 14.02.2018 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | സുനിൽകുമാർ.വി | 01.04.2017മുതൽ 28.09.2017 വരെ |
| | | രമേശൻ കുറുവാട്ടിൽ | 29.09.2017മുതൽ 31.03.2018 വരെ |
| 3 | കൃഷി ഓഫീസർ | സുഷ.ബി | 1.4.2017 മുതൽ 31.03.2018 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശോഭ പി | 01.04.2017മുതൽ 27.04.2017 വരെ |
| | | ശാരി.എം | 28.04.2017മുതൽ 07.09.2017വരെ |
| | | ശോഭ പി | 08.09.2017മുതൽ 29.11.2017 വരെ |
| | | പങ്കജം.പി | 30.11.2017മുതൽ 31.03.2018 വരെ |
| 5 | വി.ഇ.ഒ | സഞ്ജയ് കുമാർ.വി | 01.04.2017മുതൽ 24.10.2017 വരെ |
| | | കേശവൻ നമ്പൂതിരി | 01.04.2017മുതൽ 24.10.2017 വരെ |
| 6 | വി.ഇ.ഒ | രമേശൻ.എം | 25.10.2017മുതൽ 31.032018 വരെ |
| | | ഉഷ. ടി വി | 25.10.2017മുതൽ 31.032018 വരെ |
| 7 | പ്രധാനാധ്യാപകൻ | രമേശൻ. പി വി | 01.04.2017മുതൽ 10.09.2017 വരെ |
| | | ലീല . എ | 11.09.2017 മുതൽ 31.03.2018 വരെ |
| 8 | വെറ്റിനറി സർജ്ജൻ | പ്രശാന്ത്.പി | 01.04.2017മുതൽ 29.04.2017 വരെ |
| | | ആശ.പി | 30.04.2017മുതൽ 31.03.2018വരെ |
| 9 | മെഡിക്കൽ ഓഫീസർ അലോപ്പതി | ദീപ മാധവൻ | 01-04-2017മുതൽ 31-03-2018 വരെ |
| 10 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | പൂർണ്ണിമ.എൻ.പി | 01.04.2017മുതൽ 17.04.2017 വരെ |
| | | വിശ്വനാഥ്. കെ | 18.04.2017മുതൽ 14.06.2017 വരെ |
| | | പമീല .എസ് | 15.06.2017മുതൽ 19.10.2017(AN) വരെ |
| | | ആശ.കെ | 19.10.2017(FN)മുതൽ 05.11.2017 വരെ |
| | | സലീം.എൽ | 06.11.2017മുതൽ 31.03.2018 വരെ |
| 11 | മെഡിക്കൽ | ജ്യോതി.കെ | 01.04.17 മുതൽ 02.04.17 വരെ |

| | | | |
|---|---|---|---|
| | ഓഫീസർ ഹോമിയോ | ശ്രീജ.പി.പി | 03.04.2017മുതൽ 24.04.2017 വരെ |
| | | ഷോന. | 25.04.2017മുതൽ 31.03.2018 വരെ |
| 12 | ഡയറിഫാം ഇൻസട്രക്ടർ | വേണുഗോപാലൻ.പി | 01-04-2017മുതൽ 31-03-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷീകധനകാര്യപത്രികപരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |

| | | |
|---|---|---|
| 13 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല | 2-1 |
| 14 | ആംബുലൻസ് നടത്തിപ്പും പരിപാലനവും-ദുരിതബാധിതരല്ലാത്തവരെയും കൊണ്ടുള്ള യാത്രക്ക് ലഭിച്ച തുക ഭാഗികമായീടാക്കി. | 2-2 |
| 15 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ / അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ | 2-3 |
| 16 | തൊഴിൽ നികുതി അപാകതകൾ | 2-4 |
| 17 | ഡി.&ഒ ലൈസൻസ് അപാകതകൾ | 2-5 |
| 18 | വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല . | 2-6 |
| 19 | വസ്തുനികുതി - ഡി.സി.ബി - സഞ്ചയ സാംഖ്യ പൊരുത്തപ്പെടുന്നില്ല | 2-6 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 20 | മരാമത്ത് പ്രവൃത്തികൾ -അവലോകനം | 3-1 |
| 21 | കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-2 |
| 22 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല. | 3-3 |
| 23 | മുട്ടക്കോഴിവളർത്തൽപദ്ധതി(പൊതുവിഭാഗം) അപാകത | 3-4 |
| 24 | പശുവളർത്തൽപദ്ധതി(പൊതുവിഭാഗം)-അപാകത | 3-5 |
| 25 | പശു വളർത്തൽ പദ്ധതി (പട്ടികജാതി വിഭാഗം) -അപാകത | 3-6 |
| 26 | ഓണം ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ച് പിടിച്ചിട്ടില്ല. | 3-7 |
| 27 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകിയത്- ക്രമീകരിച്ചിട്ടില്ല. | 3-8 |
| 28 | അഗതി രഹിത കേരളം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് | 3-9 |
| 29 | ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം പ്രോത്സാഹിപ്പിക്കുന്നു. | 3-10 |

| | | |
|---|---|---|
| 30 | വിവിധ പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി. | 3-11 |
| 31 | അഗതി ആശ്രയ പദ്ധതി-ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത്. | 3-12 |
| 32 | അമൃതം ന്യൂട്രിമിക്സ് പർച്ചേസ്- അധിക നിരക്കിൽ GST നൽകി- പഞ്ചായത്ത് ഫണ്ടിന് 24534/- രൂപയുടെ നഷ്ടം. | 3-13 |
| 33 | SSA പ്രൊജക്ട് - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 3-14 |
| 34 | മെഡിക്കൽ ഓഫീസർ, ആയുർവേദം- സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടില്ല. | 3-15 |
| 35 | TR 7 A മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല | 3-16 |
| 36 | തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ, ലൈറ്റ് സ്ഥാപിക്കൽ പദ്ധതി | 3-17 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 40 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 44 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


<u>അനുബന്ധപത്രികകൾ</u>

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2017-18 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 4(1)29.03.2017 | 14(1) 28.02.2018 |
| മുന്നിരിപ്പ് | 44,39,717 | 44,39,717 |
| വരവ് | 14,93,50,000 | 16,26,46,762 |
| ആകെ | 15,37,89,717 | 16,70,86,479 |
| ചെലവ് | 15,14,56,900 | 16,45,13,525 |
| നീക്കിയിരിപ്പ് | 23,32,817 | 25,72,954 |

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 09-05-2018 | ഇല്ല | ഇല്ല |

## 1-3 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 06-07-2018മുതൽ 07-07-2018 വരെ | കെ എസ്എകെഎസ് ഡി-549/2018 തീയ്യതി 14-08-2018 |

## 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 1,72,24,997 |
| വരവ് | 6,43,11,140 |
| ആകെ | 8,15,36,137 |
| ചെലവ് | 7,25,48,514 |
| നീക്കിയിരിപ്പ് | 89,87,623 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഓ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ(ACR പ്രകാരം) | | 0 | 15925000 | 15925000 | 13890999 | 2034001 |
| വികസന ഫണ്ട് -എസ്.സി.പി(ACR പ്രകാരം) | | 0 | 2338575 | 2338575 | 1564305 | 774270 |
| വികസന ഫണ്ട് -ടി.എസ്.പി(ACR പ്രകാരം) | | 0 | 33987 | 33987 | 33987 | 0 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | | 0 | 9402000 | 9402000 | 8168589 | 1233411 |
| മെയിന്റനൻസ്,നോൺ- റോഡ് (ACR പ്രകാരം) | | 0 | 3726000 | 3726000 | 3721100 | 4900 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | | 0 | 13353514 | 13353514 | 5261174 | 8092340 |
| കെഎൽഎസ്.ജി.ഡിപി.മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | | 0 | 1653046 | 1653046 | 1653046 | 0 |
| സാക്ഷരത | | 402956 | 16118 | 419074 | 0 | 419074 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജിഎൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 29746601 | 29746601 | 29746601 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9715 | 978898 | 989613 | 988217 | 1396 |
| കേന്ദ്രാവിഷ്കൃത | TSC | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | SSA | 4595 | 0 | 0 | 0 | 4595 |
| | ICDS | 182392 | 1119508 | 1301900 | 316258 | 985642 |
| | NPRPD | 930000 | 0 | 930000 | 780000 | 150000 |
| | PYCKA | 76917 | 7199 | 84116 | 0 | 84116 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | സുനാമിഫണ്ട് | 0 | 0 | 0 | 0 | 0 |
| | അംഗനവാടി നിർമ്മാണം | 0 | 0 | 0 | 0 | 0 |
| | ഖരമാലിന്യ നിർമ്മാർജന ഫണ്ട് | 0 | 0 | 0 | 0 | 0 |
| | വിമുക്തി ഫണ്ട് | 25000 | 12500 | 37500 | 0 | 37500 |
| | ശുചിത്വമിഷൻഫണ്ട് | 1982049 | 2587892 | 4569941 | 626874 | 3943067 |
| | ഹരിതകേരളം പദ്ധതി ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3625000 | 3625000 | 2115014 | 1509986 |
| | ജില്ലാ പഞ്ചായത്ത് | 17189 | 3986000 | 4003189 | 1913343 | 2089846 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 480000 | 480000 | 480000 | 0 |
| | നെൽകൃഷി-ഉല്പാദന ബോണസ് | 0 | 110000 | 110000 | 110000 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവര്ക്കുള്ള ഇൻസെന്റീവ് | 0 | 208000 | 208000 | 208000 | 0 |
| | വാർദ്ധക്യകാല പെൻഷൻ | 0 | 16597700 | 16597700 | 16597700 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | കർഷകതൊഴിലാളി പെൻഷൻ | 0 | 8884800 | 8884800 | 8884800 | 0 |
| | വിധവാ പെൻഷൻ | 0 | 14297700 | 14297700 | 14297700 | 0 |
| | അവിവാഹിത പെൻഷൻ | 0 | 1083900 | 1083900 | 1083900 | 0 |
| | വികലാംഗ പെൻഷൻ | 0 | 2996500 | 2996500 | 2996500 | 0 |
| | തൊഴിലില്ലായ്മ വേതനം | 0 | 124680 | 124680 | 124680 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 7268133 | 8223000 | 15491133 | 13821044 | 1670089 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2446809 | 10575439 | 13022248 | 8818924 | 4203324 |
| | ബാങ്ക് അക്കൗണ്ട് | 2359942 | 435528 | 2795470 | 1569003 | 1226467 |
| | ബാങ്ക് അക്കൗണ്ട് | 0 | 15451 | 15451 | 0 | 15451 |
| | ബാങ്ക് അക്കൗണ്ട് | 1050160 | 39116 | 1089276 | 0 | 1089276 |
| | ആകെ | 5856911 | 11065534 | 16922445 | 10387927 | 6534518 |
| | ട്രഷറി അക്കൗണ്ട് | 10867410 | 9304822 | 20172232 | 18410282 | 1761950 |
| മറ്റിനം | അവാർഡുകളും ബഹുമതികളും | 0 | 0 | | 0 | 0 |
| | പട്ടികജാതി ഭവന നിർമ്മാണം ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | 0 | 0 | 0 |
| | പെയിൻ & പലിയേറ്റീവ് കെയർ പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 100000 | 100000 | 100000 | 0 |
| | ഗുണഭോക്തൃവിഹിതം | | 315050 | 315050 | 315050 | 0 |
| | ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചത് | 0 | 2516976 | 2516976 | 2516976 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 173 | 120 | 4,54,49,979 | ------ | 43 | 69.36 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം,നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുംവേണ്ടി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം നിർബന്ധമായും രൂപീകരിക്കേണ്ട ഒരു സമിതിയാണ് ആസൂത്രണ സമിതി.09.01.2017 – ലെ ജി.ഒ.(എം.എസ്)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.01.2017 ലെ 5/(1) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളെ നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്.

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>- ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും 08.05.2017 – ലെ 6(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

<u>സ്റ്റാൻഡിംഗ് കമ്മറ്റികൾ</u>- സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവിന്റെയും മറ്റ് വരവിനങ്ങളുടെയും പരിശോധന കൃത്യമായ ഇടവേളകളിൽ വിലയിരുത്തിയിട്ടുണ്ട്. .പദ്ധതി രൂപീകരണം,പദ്ധതി നിർവ്വഹണം,വികസന സെമിനാർ എന്നി വിഷയങ്ങളെക്കുറിച്ച് വികസന സ്റ്റാൻഡിങ്ങ്കമ്മിറ്റി ചർച്ചകൾ നടത്തിയിട്ടുണ്ട്.ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ പ്രധാനമായും സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി ബന്ധപ്പെട്ട ചർച്ചകളും തീരുമാനങ്ങളുമാണ് വന്നിട്ടുള്ളത്. വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷ പരിശോധന, അംഗൻടികളുടെ പ്രവർത്തനം എന്നീ പ്രവർത്തനങ്ങളും കമ്മറ്റി നിരീക്ഷിക്കുന്നു.ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി16 വാർഡുകളിലായി ആരോഗ്യ ശുചിത്വ സർവ്വെ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ നടത്തുകയുണ്ടായി. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി പഞ്ചായത്ത് തല സർവ്വെ സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി.
കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലുകളും സ്റ്റാൻഡിംഗ് കമ്മറ്റികളിൽ ഉണ്ടാകേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ | 4 |
| 2 | കൃഷിയും അനുബന്ധമേഖലകളും | 7 |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 7 |
| 4 | ചെറുകിട വ്യവസായം | 8 |
| 5 | ദാരിദ്ര്യ ലഘൂകരണം | 8 |
| 6 | പൊതുമരാമത്ത് | 7 |
| 7 | സാമൂഹ്യക്ഷേമം | 8 |
| 8 | പട്ടിക ജാതി വികസനം | 7 |
| 9 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 7 |
| 10 | ആരോഗ്യം | 7 |
| 11 | കുടിവെള്ളം ശുചിത്വം | 6 |
| 12 | വിദ്യാഭ്യാസം സംസ്കാരം,കല കായിക യുവജനക്ഷേമം | 6 |
| 13 | പട്ടിക വർഗ്ഗ വികസനം | 6 |

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകളും പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽരേഖപ്പെടുത്തിയിട്ടില്ല. തുടർ അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.

മോണിറ്ററിംഗ്-പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട്

നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ – പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ എസ് നം 72/2017 തസ്വ ഭ വ തീയതി 29/3/2017 & എം എസ് നം 10/2017 തസ്വ ഭ വ തീയതി 9/1/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും ,വർക്കിംഗ് ഗ്രൂപ്പുകളും 18-01-2017ന് രൂപീകരിച്ചിട്ടുണ്ട് (പഞ്ചായത്ത് ഭരണ സമിതി തീരുമാനം5(1) തീയതി 18-1-2017)ആസൂത്രണ സമിതിയിൽ 14 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി 2017-18 പദ്ധതിയുമായി ബന്ധപ്പെട്ട് 07.02.2017ന് യോഗം ചേരുകയുണ്ടായി.

വികസനരേഖ തയ്യാറാക്കൽ-വികസനരേഖ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

വികസന സെമിനാർ - 06-05-2017 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് ഇതിൽ 190 പേർ പങ്കെടുക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാറിൽ ഗ്രൂപ്പ് ചർച്ച നടത്തുകയുണ്ടായി. 2017-18 കരട് വികസന, രേഖ കരട് പദ്ധതിരേഖ എന്നിവ വികസന സെമിനാറിൽ അച്ചടിച്ച് വിതരണം ചെയ്യുകയുണ്ടായി.

വാർഷീക പദ്ധതി അംഗീകാരം -വാർഷീക പദ്ധതികൾ (2017-18) 15-05/2017ന് മുൻപ് അംഗീകാരം നേടി 1/4/2017 മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടങ്കിലും വാർഷീക പദ്ധതി അന്തിമമായി അംഗീകരിച്ചത് 08.05.2017 നാണ് ( പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ 07/1)- ജില്ലാ ആസൂത്രണ സമിതിയുടെ 30/05/2017 തീയ്യതിയിൽ വാർഷീക പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്-(704/2017 /DPC/DPO/KSD തീയ്യതി .30/05/2017 ) 28-03-2018ന് ജില്ലാ ആസൂത്രണ സമിതിയുടെ അന്തിമ അംഗീകാരം നൽകുകയുണ്ടായി. (704/2017/DPC/DPO/KSD , തീയ്യതി 28/03/2018 )

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെകൊടുക്കുന്നു

| | |
|---|---|
| ആകെപ്രോജക്ടുകൾ | 173 |
| പുതിയ പ്രോജക്ടുകൾ | 120 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 53 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികളുടെ വിവരം

1.പ്രൊജക്ട് നം.35 ജാഗ്രതാ സമിതി

2.പ്രൊജക്ട് നം.189 വിവിധ എസ് സി കോളനികളിൽസ്ട്രീറ്റ് ലൈറ്റ് വാങ്ങൽ

പദ്ധതി നിർവ്വഹണം- സംക്ഷിപ്ത വിവരം

2017-18 വർഷ ത്തിൽ അംഗീകാരം ലഭിച്ച 173പദ്ധതികളിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2017-18 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | |
|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക |
| 1 | സെക്രട്ടറി | 12 | 5794465 | 12 | 5612597 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 2464000 | 8 | 1233145 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 100 | 46625511 | 60 | 18876167 |
| 4 | കൃഷി ഓഫീസർ | 6 | 3370539 | 6 | 3348471 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | 4004500 | 8 | 1981000 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5053774 | 3 | 4217497 |
| 7 | വെറ്റനറി സർജ്ജൻ | 5 | 2500000 | 5 | 2400000 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 4 | 1475000 | 4 | 1355063 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 8 | 2132249 | 8 | 1881238 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 100000 | 1 | 100000 |
| 11 | പ്രധാനാധ്യാപകൻ | 7 | 3109289 | 4 | 1800258 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2901000 | 1 | 2643743 |
| | ആകെ | 173 | 79530327 | 120 | 45449179 |

2017-18 സാമ്പത്തിക വർഷം ആകെ 173 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 120 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 69.36% മാത്രമാണ് നടപ്പിലാക്കിയത്. തൻവർഷം വകയിരുത്തിയ തുകയുടെ 57.15% മാത്രമാണ് ചെലവഴിച്ചത്.

കാർഷിക പദ്ധതി പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന നിർദ്ദേശം പാലിച്ച് കാണുന്നില്ല. ഇക്കാര്യങ്ങളിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരും, വർക്കിങ്ങ് ഗ്രൂപ്പും, സ്റ്റാന്റിങ്ങ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | 9,715 | 9,79,898 | 9,89,613 | 9,88,217 | 1,396 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 2,97,46,601 | 2,97,46,601 | 2,97,46,601 | 0 |
| ആകെ | 9,715 | 3,07,26,499 | 3,07,36,214 | 3,07,34,818 | 1,396 |

## 1-8 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2017-18 | തൊഴിൽ രഹിത വേതനം | 1,24,680 | 213 |
| | കർഷകതൊഴിലാളി പെൻഷൻ | 88,84,800 | 764 |
| | വിധവാ പെൻഷൻ | 1,42,97,700 | 1209 |
| | വാർദ്ധക്യകാല പെൻഷൻ | 1,65,97,700 | 1263 |
| | വികലാംഗ പെൻഷൻ | 29,96,500 | 251 |
| | അവിവാഹിത പെൻഷൻ | 10,83,900 | 92 |
| | വിവാഹ ധനസഹായം | 4,80,000 | 16 |

## 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന26-09-2018തീയതിയിൽ 3.30 ന് സ്ഥാപനത്തിലെ ഉത്തരവാദ പ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് ബാലൻസായ 9,636 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | പാർട്ട് ടൈം ലൈബ്രേറിയൻ | 1 |
| 9 | പാർട്ട് ടൈം നഴ്സറി ടീച്ചർ | 1 |

2017-2018 സാമ്പത്തിക വർഷം ഹെഡ്ക്ലർക്ക് തസ്തിക 2017 ജൂലൈ 23 മുതൽ നവംമ്പർ 8 വരെ ഒഴിഞ്ഞുകിടന്നിരുന്നു. മറ്റു ജീവനക്കാരുടെ തസ്തികളൊന്നും തന്നെ ഒഴിഞ്ഞുകിടന്നിരുന്നില്ല. ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങിയിട്ടുണ്ട്. ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. കൂടാതെ വിഭവങ്ങളുടെ ലഭ്യതയും ഓരോ മേഖലയിലെയും ചെലവ് ആവശ്യങ്ങളും ബഡ്ജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിലയിരുത്തി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ സംബന്ധിച്ച ഫയലോ രേഖകളോ ലഭ്യമല്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി

അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. എന്നാൽ അക്കൗണ്ടിംഗ് രേഖകളിൽ ഏറ്റവും പ്രധാനപ്പെട്ട ചെലവ് വൗച്ചറുകൾ വൗച്ചർ നമ്പർ ക്രമത്തിൽ അനുബന്ധ രേഖകൾ ചേർത്ത് സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ ഉൾപ്പെടെ വാങ്ങിക്കുന്ന ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത വിവരങ്ങൾ ഇൻവോയിസുകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ഫർണ്ണിച്ചർ, കമ്പ്യൂട്ടർ, മറ്റു ഉപകരണങ്ങൾ എന്നിവയുടെ വിതരണവിവരം സ്റ്റോക് റജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. ദിവസാന്ത്യ/മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഡി.സി.ബി-യിൽ വസ്തുനികുതി, തൊഴിൽനികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. സ്ഥാപനം നികുതി പരിവ് കാര്യക്ഷമമായി നടത്തുന്നുണ്ട്. തൻ വർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാൻെറിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല.ഉദാ-സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി ഉണ്ടാവേണ്ടതുണ്ട് .

ജനങ്ങൾക്കുള്ള സേവനങ്ങൾ നൽകുന്നതിനു ഫ്രണ്ടോഫീസ് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2017-18 കാലയളവിൽ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നില്ല. ജീവനക്കാർ പേഴ്സണൽ ഡയറി സൂക്ഷിക്കുന്നില്ല. പി.ആർ എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല. ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ധേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാ- ഓരോദിവസത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. പരാതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നെണ്ടങ്കിലും ആയത് ആവശ്യക്കാർ ലഭ്യമാവുന്നതരത്തിൽ സൂക്ഷിക്കുന്നില്ല. കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല. നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ, സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങൾ എന്നിവ ചേരുന്നില്ല.ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്,

പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. ടെണ്ടർ നടപടി ക്രമങ്ങൾ സ്ഥാപനം കൃത്യമായി പാലിക്കുന്നുണ്ട്. ഗ്രമപഞ്ചായത്തിലെ പി എച്ച് സി, ആയുർവേദ ആശുപത്രി, ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് പണം നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണമായും

ലഭിച്ചിട്ടില്ല.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിൻെറ തനത് ആസ്തികൾ വാങ്ങുന്നതിൽ പ്രോക്യൂർമെൻെറ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരൻെറി ,വാറൻെറി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല .ഉദാ-തൻവർഷം പുതുതായി വാങ്ങിയ തെരുവ് വിളക്കുകൾക്ക് 3 വർഷ വാറൻെറി ഉള്ളതാണ്, എന്നാൽ മൊത്തം എണ്ണത്തിൽ ഇവ എതാണെന്ന് തെളിയിക്കാൻ പോസ്റ്റുകൾക്ക് നമ്പർ ഇടുകയോ സ്റ്റോക്കിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.സ്റ്റാൻെറിങ് കമ്മറ്റികൾ ഈ കാര്യത്തിൽ ജീവനക്കാർക്ക് അടിയന്തിര നിർദ്ധേശം നൽകേണ്ടതാണ്. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ് .ആയതിൻെറ ആസ്തി രജിസ്റ്റർ ഇലട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല .ആയതിനാൽ വാറൻെറിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല.നിലവിൽ ഇലട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ക്രമീകരിക്കാൻ നടപടിസ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് ഭരമസമിതിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം പത്താം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ 2017 ജൂൺ, ജൂലൈ, സപ്തംമ്പർ, 2018 ജനവരി എന്നീ മാസങ്ങളിൽ പാലിച്ചിട്ടില്ല. സ്റ്റാന്റിംഗ്കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നില്ല. സ്റ്റാന്റിംഗ്കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോ ദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 08/02/2018 -മുതൽ 26/02/2018 | 2012-13 മുതൽ 2016-17 വരെ | 06/04/2018 |
| പെർഫോമെൻസ് ഓഡിറ്റ് | 23/08/2018,29/08/2018 | 2018 ജൂലൈ | 29/08/2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ വിവരിക്കുന്നു.

1.ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 6,87,947/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ(ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു

ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലൈം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡ്-ൽ തന്നെയാണ് നിലനിർത്തിയിരിക്കുന്നത്.

2.ദുരിതാശ്വാസ നിധിയിനത്തിൽ 132 രൂപ ബാങ്ക് ബാലൻസുണ്ട്. എന്നാൽ ഈ തുക ബാലൻഷീറ്റിൽ B-2 ൽ (special fund/sinking fund/ trust or agency fund) ഉൾപ്പടുത്തിയിട്ടില്ല

3.ഷെഡ്യൂൾ B-9-ൽ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4.സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

5.താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ റീ-കൺസിലിയേഷൻ പത്രികകളിൽ ആറ് മാസത്തിലധികം പഴക്കമുള്ള ചെക്കുകൾ ഉൾപ്പെടുത്തിക്കാണുന്നു.

| കോഡ് | ബാങ്ക് | AFS പ്രകാരം തുക | 31.3.2018-ലെ നീക്കിയിരിപ്പ് പാസ്ബുക്ക് പ്രകാരം |
|---|---|---|---|
| 450210103 | SBI-Perumbala own fund | 17,20,537 | 11,97,194 |
| 450250110 | Perumbala SCB(ownfund) | 2,24,10,292 | 2,26,20,206 |

6.State Sponsored Schemes- Pension for Unmarried women aged above 50 ഇനത്തിലെ യഥാർത്ഥ ചെലവ് 6,70,400രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-6 (code no-160100305) പ്രകാരം ഇത് 4,85,000രൂപയാണ്. 1,85,400രൂപയുടെ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല

2017-18 വർഷത്തെ വാർഷീക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ.ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. ടെണ്ടർ ഫിയിനത്തിൽ ₹ 49168 ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | ടെണ്ടർ ഫീ ₹ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 78/18 | വെള്ളാട്ട് തങ്കൈ റോഡ് താറിങ്ങ് | ശ്രീഎംവി.പുരുഷോത്തമൻ | 1120 |
| 2 | 79/18 | നന്ദാവനം പുട്ടക്കാട് പാറാട് റോഡ് താറിങ്ങ് | ശ്രീഎംവി.പുരുഷോത്തമൻ | 1120 |
| 3 | 80/18 | ഇരിയൽ-മുണ്ടോംതടംറോഡ് താറിങ്ങ് | ശ്രീ.ഇ.രവീന്ദ്രൻ<br>ശ്രീ.പി.ഗോവിന്ദൻ | 1120<br>1120 |
| 4 | 81/18 | ITIപട്ടുപാറ-കല്ലുവളപ്പ പാലോത്ത് റോഡ് താറിങ്ങ് | ശ്രീഎംവി.പുരുഷോത്തമൻ | 1120 |
| 5 | 82/18 | എലോത്തുംകാട്-നന്ദാടി പൊതാവൂർ റോഡ് താറിങ്ങ് | ശ്രീ.ഇ.രവീന്ദ്രൻ | 1120 |
| 6 | 83/18 | അമ്മൻകോട്-പത്താൻചിറ റോഡ്താറിങ്ങ് | ശ്രീ.ഇ.രവീന്ദ്രൻ | 1120 |
| 7 | 84/18 | ചന്ദ്രവയൽ-തട്ടുമ്മൽറോഡ് താറിങ്ങ് | ശ്രീഎംവി.ബാലകൃഷ്ണൻ<br>ശ്രീ.പി.വി.തമ്പാൻ | 1120<br>1120 |
| 8 | 86/18 | ചാനടുക്കം മുത്തപ്പൻ റോഡ് ടാറിങ്ങ് | ശ്രീഎംവി.ബാലകൃഷ്ണൻ | 1120 |
| 9 | 87/18 | പട്ടോളി-പയ്യാറെട്ടു ചീമേനി റോഡ് ടാറിങ്ങ് | ശ്രീഎംവി.ബാലകൃഷ്ണൻ<br>ശ്രീ.പി.വി.തമ്പാൻ | 1120<br>1120 |
| 10 | 88/18 | നെല്ലൂർ തറവു റോഡ് ടാറിങ്ങ് | ശ്രീ.ഇ.രവീന്ദ്രൻ | 1120 |
| 11 | 89/18 | ചീമേനികോട്ടവണ്ണാത്തിക്കാനം ഒയോളം റോഡ് ടാറിങ്ങ് | ശ്രീ.പി.ഗോവിന്ദൻ | 1120 |

| | | | | |
|---|---|---|---|---|
| | | | ശ്രീഎംവി.ബാലകൃഷ്ണൻ<br>ശ്രീ.പി.വി.തമ്പാൻ | 1120<br>1120 |
| 12 | 90/18 | മുണ്ട തച്ചാറംപോയിൽ നൃഞ്ഞ റോഡ് ടാറീങ്ങ് | ശ്രീ.പി.ഗോവിന്ദൻ<br>ശ്രീഎംവി.ബാലകൃഷ്ണൻ | 1120<br>1120 |
| 13 | 91/18 | ചെമ്പ്രക്കാനം അംഗനവാടി കുന്നും കിണറ്റുകര റോഡ് ടാറീങ്ങ് | ശ്രീ.പി.വി.തമ്പാൻ<br>ശ്രീ.പി.ഗോവിന്ദൻ<br>ശ്രീഎംവി.പുരുഷോത്തമൻ | 1120<br>1120<br>1120 |
| 14 | 93/18 | കാലിച്ചാംപോയിൽ-പിലാവളപ്പ റോഡ് ടാറീങ്ങ് | ശ്രീഎംവി.പുരുഷോത്തമൻ | 1120 |
| 15 | 94/18 | കോതങ്കര വലിയപോയിൽ മുണ്ട്യത്തൽ നെട്ടുംമ്പ റോഡ് റീടാറിങ്ങ് | ശ്രീ.ഇ.രവീന്ദ്രൻ | 1568 |
| 16 | 169/18 | മുഴക്കോം ICDPസബ്സെന്റർ നിർമ്മാണം | ശ്രീ.പി.പ്രഭാകരൻ<br>ശ്രീഎംവി.പുരുഷോത്തമൻ | 2016<br>2016 |
| 17 | 163/18 | മുണ്ട,ചെമ്പ്രക്കാനം,പൊതാവൂർ, കുളിയാട് അംഗനവാടികൾ മെച്ചപ്പെടുത്തൽ | ശ്രീ.പി.വി.തമ്പാൻ | 1792 |
| 18 | 60/18 | പഞ്ചായത്ത് ഓഫീസ് കെട്ടിടംഅധികസൗകര്യം | .ശ്രീ.പി.പ്രഭാകരൻ | 1344 |
| 19 | 100/18 | ചറാൽ ആലംതട്ട റോഡ് റീടാറിങ്ങ് | ശ്രീഎംവി.കുഞ്ഞിക്കോരൻ<br>ശ്രീഎംവി.മനോജൻ<br>ശ്രീഎംവി.ബാലകൃഷ്ണൻ | 2016<br>2016<br>2016 |

| | | | | |
|---|---|---|---|---|
| | | | | |
| 20 | 167/18 | ചീമേനി ഓൾഡ് ഏജ് ഹോമിന്റെ നിർമ്മാണം | ശ്രീ.പി.പ്രഭാകരൻ | 2128 |
| 21 | 179/18 | ഷ്രഡിങ്ങ് യൂനിറ്റ് നിർമ്മാണം | ശ്രീ.പി.ഗോവിന്ദൻ | 2016 |
| 22 | 174/18 | വെരിക്കൻപാറശ്മശാനം കെട്ടിടം നിർമ്മാണം | ശ്രീ.പി.ഗോവിന്ദൻ | 2800 |
| 23 | 158/18 | കംഫോർട്ട് സ്റ്റേഷൻ നിർമ്മാണം | ശ്രീ.പി.ഗോവിന്ദൻ | 2800 |
| | | ആകെ | | 49168 |

**2-2** <u>**ആംബുലൻസ് നടത്തിപ്പും പരിപാലനവും-ദുരിതബാധിതരല്ലാത്തവരെയും കൊണ്ടുള്ള യാത്രക്ക് ലഭിച്ച തുക ഭാഗികമായി ഈടാക്കി.**</u>

എൻഡോസൾഫാൻ പാക്കേജിൽ സ.ഉ.(സാധാ)നം.383/2014/സാ.നീ.വ, തീയ്യതി 29.05.2014 പ്രകാരം അനുവദിച്ച ആംബുലൻസ്, 18.06.2015-ലെ ഇ.സി./2/28093/2014 ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലാകലക്ടർ ഗ്രാമപഞ്ചായത്തിന് അനുവദിക്കുകയും ആയത് KL. 60 J 3266 നമ്പറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം ആംബുലൻസിന്റെ നടത്തിപ്പ് ഗ്രാമപഞ്ചായത്ത് തന്നെ വഹിക്കേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ 15.07.2015-ലെ വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ആംബുലൻസ് ഡ്രൈവറുടെ ദിവസവേതനം, നടത്തിപ്പ് ചെലവ് എന്നിവ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കേണ്ടതാണെന്നും, നടത്തിപ്പിനും പരിപാലനത്തിനുമായി ആംബുലൻസ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറേണ്ടതാണെന്നും തീരുമാനിച്ചിരുന്നു.(ഖണ്ഡിക 3.12, 3.25) . തുടർന്ന് 29.07.2015-ലെ ഭരണസമിതി തീരുമാനം 98/15 പ്രകാരം ആംബുലൻസ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറാൻ തീരുമാനിച്ചു. എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിലുൾപ്പെട്ട രോഗികൾക്ക് സേവനം തികച്ചും സൗജന്യമായി ലഭ്യമാക്കുന്നതിനും, അല്ലാത്തവർക്ക് ഒരു വശത്തേക്കുള്ള വാടക ഒരു KM-ന് 25 രൂപ നിരക്കിൽ ഈടാക്കാനുമായിരുന്നു തീരുമാനിച്ചത്.

ലോഗ് ബുക്ക് പ്രകാരം ദുരിതബാധിതരല്ലാത്തവരെയും കൊണ്ട് 01-04-2017 മുതൽ 31-03-2018 വരെ 18,921 കിലോമീറ്ററാണ് ആംബുലൻസ് യാത്ര നടത്തിയത്( ഒരു വശം 9460.5 km). ആയതിന് 25 രൂപ പ്രകാരം 2,36,512.5 രൂപ (9460.5x25) ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ ഒടുക്കിയിട്ടുള്ളത് 1,91,577/-രൂപമാത്രമാണ്. 44,935.5 രൂപയുടെ(2,36,512.5–1,91,577)കുറവ് കാണുന്നു.ആയതിന് വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 8/27-09-2018). മറുപടി ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമാക്കേണ്ടതാണ്.

## 2-3 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ / അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലറിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

(1).ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ക്രമം പാലിക്കുന്നില്ല. (ഉദാ. 16.08.2017 ൽ ലഭിച്ചിരിക്കുന്ന കറണ്ടുകൾ 4997, 4980, 4990 എന്ന ക്രമത്തിലാണ് ചേർത്തിരിക്കുന്നത്).

(2).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ , ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യുപ്പൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പറിൽ നിന്നാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

എന്നാൽ ഇപ്രകാരമല്ല ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(3).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജ് നമ്പരും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(4).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും , എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി അപേക്ഷയിൽ തന്നെ 'നിർമ്മാണം കെ.പി.ബി.ആർ ചട്ടങ്ങൾക്ക് വിധേയമാണ് / അല്ല എന്ന് രേഖപ്പെടുത്തി സെക്ഷന് നൽകുകയാണ് ചെയ്യുന്നത്. സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ എന്നിവയൊന്നും സൂക്ഷ്മ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ രേഖപ്പെടുത്തുന്നില്ല.

(5).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ ചില അപേക്ഷകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമസം വന്നിട്ടുണ്ട് (ഉദാ-BL149/16-17തീയ്യതി 18.8.2017). കൂടാതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്ററിൽ നിരവധി അപേക്ഷകൾ തീർപ്പ് കല്പിക്കാതെ നിലനില്ക്കുന്നതായി കാണുന്നു.

(6).കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല .

മേൽ അപാകതകൾ പരിഹരിക്കുന്നതോടൊപ്പം തന്നെ കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും പരാമർശിത ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ - 11/01-10-2018 –ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 2-4 തൊഴിൽ നികുതി അപാകതകൾ

i) 2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേൺസ്/തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേരും,തസ്തികയും | സ്ഥാപനം | ആകെ അർദ്ധവർഷത്തെ | അടവാ ക്കേണ്ട | അടവാ ക്കിയ | രസീത് | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | വരുമാനം(ഒന്നാം അർദ്ധവർഷം) | നികുതി | നികുതി | നമ്പർ/ തീയ്യതി | |
| കെ.ചന്ദ്രമതി | പ്ലാന്റേഷൻ കോർപ്പറേഷൻ | 1,34,595 | 1250 | 1070 | 117050500011 23-08-2017 | 180 |
| | | | | | ആകെ | 180 |

കുറവ് വന്ന തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

ii) സൂപ്രണ്ട്, തുറന്ന ജയിൽ ചീമേനിയിലെ ശ്രീ.സുരേഷ് കുമാർ എ, ഡെപ്യൂട്ടി പ്രിസൺ ഓഫീസറുടെ 2017-18ലെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി റിട്ടേൺസ് പ്രകാരം ആകെ വരുമാനം കണക്കാക്കിയത് 38,574 രൂപയാണ്. ( ആടിസ്ഥാന ശമ്പളം 18,456 , ക്ഷാമ ബത്ത 20118 ആകെ = 38,574)ആയതിൻ പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുള്ള തൊഴിൽ നികുതി 300/- രൂപയാണ് ( രസീതി നമ്പർ-11705050006 / തീയ്യതി 18-08-2017). പ്രസ്തുത ജീവനക്കാരനിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ ആകെ വരുമാനം കണക്കാക്കിയത് ശരിയാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും കുറവായിട്ടാണ് തൊഴിൽ നികുതി കണക്കാക്കിയതാണെങ്കിൽ തുടർ നടപടികൾ സ്വീകരിച്ച് ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

iii) 2017-18 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ചീമേനി, കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത് വിവിധോദ്ദേശ വനിത സഹകരണ സംഘം, കയ്യൂർ സർവ്വീസ് സഹകരണ ബാങ്ക് കയ്യൂർ, കയ്യൂർ സർവ്വീസ് സഹകരണ ബാങ്ക് നിടുംബ ബ്രാഞ്ച്, കാസർഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി, നോർമാണ്ടി ബ്രൂവറീസ് &ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ്,പ്രൊപ്രൈറ്റർ,റോയൽ ഫീൽഡ് മുണ്ട എന്നീ സ്ഥാപനങ്ങൾ അവയുടെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി നം. 8/27-09-2018). മറുപടി ഹാജരാക്കിയിട്ടില്ല. അടവാക്കാത്തതിന്റെ കാരണം ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമാക്കേണ്ടതാണ്.

## 2-5 ഡി.&ഒ ലൈസൻസ് അപാകതകൾ

i) 2017-18 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് ഫീ രജിസ്റ്ററുകളും,അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 1996 – ലെ കേരള പഞ്ചായത്ത് രാജ് (ആപൽകരണവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടം 7 പ്രകാരം രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു

| പേര് | സ്ഥാപനത്തിന്റെ പേര് | ഡി &ഒ ലൈസൻസ് അപേക്ഷപ്രകാരമുള്ള ഒരു ദിവസത്തെ വിറ്റ് വരവ് | ഈടാക്കേണ്ട ഡി &ഒ ലൈസൻസ് ഫീസ് | ഈടാക്കിയ ഡി &ഒ ലൈസൻസ് ഫീസ് | കുറവ് |
|---|---|---|---|---|---|
| എസ്.ആർ.സുലത w/oമുകുന്ദൻ കയ്യൂർ | തേജസ്വനി പെട്രോളിയം | 1,50,000 | 4,000 | 1,000 | 3,000 |

| | |
|---|---|
| ആകെആകെ | 3,000 |

കുറവ് വന്ന തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം വ്യക്തമാക്കേണ്ടതാണ്. (04-10-2018 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ഹാജരാക്കിയിട്ടില്ല )

ii)പഞ്ചായത്ത് പരിധിയിൽ വരുന്ന അക്ഷയ സെന്റർ കയ്യൂർ, അക്ഷയ സെന്റർ ചെമ്പ്രാകാനം,അക്ഷയ സെന്റർ ചീമേനി എന്നീ സ്ഥാപനങ്ങളിൽ നിന്നും ഡി.&ഒ ലൈസൻസ് ഫീ ഈടാക്കാത്തയായി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ കാണുകയുണ്ടായി. ലൈസൻസ് ഫീ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

iii) ഡി ആന്റ് ഒ ലൈസൻസ് ഫീ ഇനത്തിൽ 2017-18 വാർഷിക ധനകാര്യ പത്രിക പ്രകാരം ആകെ ഡിമാന്റ് 1,61,390/-രൂപയാണ്. എന്നാൽ ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ ഡിമാന്റ് കലക്ഷൻ 1,61,950/-രൂപയാണ് 560 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-6 വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല .

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിട മുറികൾ വാടകയ്ക്കെടുത്ത മുഴവൻ വാടകയ്ക്കാരുമായും കരാർ ചമയ്ക്കുകയും മൂന്ന മാസത്തെ വാടക മുൻകൂറായി ഈടാക്കുകയോ ചെയ്തിട്ടില്ല. മുഴവൻ വാടകക്കാരോടും സെക്യൂരിറ്റി/ഡെപ്പോസിറ്റിനത്തിൽ തുക ഈടാക്കിയതായി വാടക രജിസ്റ്ററിലോ ഡെപ്പോസിറ്റ് റജിസ്റ്ററിലോ രേഖപ്പെടുത്തലുകൾ ഇല്ല. ആയതിനാൽ ഡെപ്പോസിറ്റിനത്തിൽ തുക ഈടാക്കാൻ അവശേഷിക്കുന്ന വാടകക്കാരിൽ നിന്നും ഈയിനത്തിൽ തുക ബന്ധപ്പെട്ട റജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.17/04.10.2018).

## 2-7 വസ്തുനികുതി - ഡി.സി.ബി - സഞ്ചയ സാംഖ്യ പൊരുത്തപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ സഞ്ചയ – സാംഖ്യ ഇന്റഗ്രേറ്റ് ചെയ്ത് വിന്യസിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി 8,997 വാസഗൃഹ കെട്ടിടങ്ങളും, ഇതര ഇനത്തിൽ 1,627 കെട്ടിടങ്ങളും ഉൾപ്പടെ മൊത്തം 10,624 കെട്ടിടങ്ങളാണ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നിലവിലുള്ളത്. തൻവർഷത്തെ ഡിമാൻഡ്, കലക്ഷൻ എന്നിവയുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| ഡിമാൻഡ് | | | കളക്ഷൻ | | |
|---|---|---|---|---|---|
| സാംഖ്യപ്രകാരം | സഞ്ചയപ്രകാരം | വ്യത്യാസം | സാംഖ്യപ്രകാരം | സഞ്ചയപ്രകാരം | വ്യത്യാസം |
| 33,27,716.50 | 37,67,983.50 | (-)4,40,267 | 33,27,716.50 | 32,63,989 | 63,727.50 |

ഇത് പ്രകാരം, സാംഖ്യ പത്രിക, സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വൻതുക വ്യത്യാസം നിലനിൽക്കുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18 വർഷം 100% കളക്ഷനാണ് വസ്തുനികുതിയിലുള്ളത്. എന്നാൽ 31.03.2018-ന്റെ സഞ്ചയ പ്രകാരം ജനറേറ്റ് ചെയ്യുന്ന ഡി.സി.ബി പത്രികയും, തുടർന്നു വരുന്ന ദിവസങ്ങളിൽ ജനറേറ്റ് ചെയ്യുന്ന പത്രികയും തമ്മിലും വ്യത്യാസം നിലനിൽക്കുന്നുണ്ട്. ഇത്തരത്തിൽ അപാകതയുണ്ടാകുവാനുള്ള കാരണം വിശദമാക്കേണ്ടതും, അപാകത പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ച് വസ്തുനികുതിയുടെ കൃത്യമായ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. റവന്യൂ വരവുകളുടെ പിരിവിലുള്ള കാര്യക്ഷമത

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയും, ഭരണ സമിതിയും നിരന്തരം നിരീക്ഷിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവൃത്തികൾ -അവലോകനം

ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ സിംഹഭാഗവും ചെലവഴിക്കുന്ന മേഖലയാണ് പൊതുമരാമത്ത്. ആസ്തികൾ സൃഷ്ടിക്കുന്നതിനും, പരിപാലിക്കുന്നതിനുമാണ് അനുവദിക്കുന്ന ഫണ്ടുകൾ ചെലവഴിക്കപ്പെടുന്നത്. 2017-18 വർഷത്തിൽ 100 മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും അതിൽ 60 പ്രൊജക്ടുകൾ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. വിവിധ മേഖലയിലുള്ള 40 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടില്ല. പദ്ധതി അടങ്കലായി ₹ 4,66,25,511 രൂപ കണക്കാക്കിയിരുന്നെങ്കിലും അതിൽ ₹1,88,76,167 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഓരോ മേഖലയിലുമുള്ള വകയിരുത്തലും ചെലവും ചുവടെ കൊടുക്കുന്നു.

| ക്രമനം. | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | പൊതുവിഭാഗം | 6,68,797 | 96,767 |
| 2 | എസ്.സി.പി | 13,17,533 | 5,65,147 |
| 3 | ടി. എസ്.പി | ----- | ------- |
| 4 | ധനകാര്യ കമ്മീഷൻ | 93,45,245 | 4,43,62,55 |
| 5 | ലോക ബാങ്ക് സഹായം | 26,24,634 | 23,63,267 |
| 6 | സംസ്ഥാനാവിഷ്കൃതം | 7,28,60,95 | 5,16,612 |
| 7 | തനത് ഫണ്ട് | 42,03,830 | 10,36,031 |
| 8 | ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 15,00,000 | ----- |
| 9 | ജില്ലാപഞ്ചായത്ത് വിഹിതം | 35,00,000 | ------ |
| 10 | എം. ജി (റോഡ്) | 1,12,55,677 | 81,68,589 |
| 11 | എം.ജി (റോഡിതരം) | 31,02,200 | 16,93,499 |

| | | | |
|---|---|---|---|
| 12 | മറ്റുള്ളവ | 18,21,500 | ------- |
| | ആകെ | 4,66,25,511 | 1,88,76,167 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചിട്ടില്ല. വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാനും സാധിച്ചിട്ടില്ല. പൊതു വിഭാഗം ഫണ്ടിനത്തിൽ ,₹ 5,72,030 രൂപയും,എസ്.സി.പി ഫണ്ടിനത്തിൽ7,52,386 ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ₹49,08,990 രൂപയും , മെയ്ൻറ്റനൻസ് ഫണ്ട് റോഡിനത്തിൽ ₹ 30,87,088 രൂപയും, റോഡിതരഫണ്ടിനത്തിൽ ₹ 14,08,701 രൂപയുടെയും പ്രൊജക്ടുകൾ നടപ്പാക്കാൻ സാധിച്ചിട്ടില്ല. പ്രൊജക്ട് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്. നിർവ്വഹണത്തിൽ ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും, വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിന്നും ഉണ്ടാവേണ്ടതുമാണ് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-2 കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചത് -.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയർ 2017-18വർഷം നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ കുടിവെള്ള സൗകര്യമേർപ്പെടുത്തുന്നതിന് കുഴൽകിണർ നിർമ്മിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി 648568 രൂപ ഭൂജല വകുപ്പ് കാസറഗോഡ് ജില്ലാ ഓഫീസിന് നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | വൗച്ചർ നമ്പർ | നൽകിയ തുക |
|---|---|---|---|---|
| 1 | 157/17-18 | മുഴക്കോം ഹോമിയോ ഡിസ്പെൻസറിക്ക് കുടിവെള്ള സൗകര്യം | 03/2-18 തീയതി 12.2.18 | 66200 |
| 2 | 166/17-18 | ചീമേനി,പോത്താംകണ്ടം,തിമിരി-കോട്ടുമൂല എന്നീ അംഗനവാടികൾക്ക് കുടിവെള്ള സൗകര്യം | 04/2-18 തീയതി 12.2.18 | 226350 |
| 3 | 165/17-18 | കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിലെ വിവിധ കുഴൽ കിണർ റിപ്പയർ | 03/17-18 തീയതി 16.1.18 | 219868 |
| 4 | 75/17-18 | പുലിയന്നൂർ നാട്ടിവയൽ പച്ചക്കറി കൃഷിക്ക് ജലസേചന സൗകര്യം ഒരുക്കൽ | 02/10-17 തീയതി 26.10.18 | 65450 |
| 5 | 61/17-18 | ചാനടുക്കം കമ്മ്യൂണിറ്റി ഹാളിന് വൈദ്യുതീകരണവും കുടിവെള്ള സൗകര്യവും | 03/10-17 തീയതി | 70700 |

| | | | | |
|---|---|---|---|---|
| | | | 27.10.17 | |
| | | ആകെ | | 648568 രൂപ |

എന്നാൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.. മേൽ പ്രവർത്തികളുടെ പുരോഗതി സംബന്ധിച്ച വിവരവും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച648568 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി 2017-18തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ ( ജി.ഒ. (എം.എസ്) നം. 72/2017 /തസ്വഭവ. തിരുവനന്തപുരം, തീയതി: 29-03-2017 ) ഖണ്ഡിക. 12-10 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പ്ലാൻ തയ്യാറാക്കിയിട്ടില്ല. മരാമത്ത്പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്.പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി വിഭാവനം ചെയ്തുകൊണ്ടുള്ള വികസന സമീപനമാണ് സ്വീകരിക്കേണ്ടത്. എന്നാൽ ഇതിനു വിഭിന്നമായിറോഡുകളെ ചെറിയ ചെറിയ ചെയ്നേജിലുള്ള പ്രൊജക്ടുകളയാണ് ഭൂരിഭാഗവുംനിർവ്വഹിച്ചിട്ടുള്ളത്. ഓരോ റോഡിന്റെയും മുഴുവൻ നീളത്തിനാണ് പ്രൊജക്ട് ഉണ്ടാക്കേണ്ടത്. ഇങ്ങിനെ ചെയ്യാത്തതുമൂലം ഒരു റോഡിന്റെ പ്രവൃത്തി പൂർത്തിയാകാൻ വർഷങ്ങൾ വേണ്ടിവരുന്ന സാഹചര്യം ഉണ്ടാവുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളുടെ പരിപാലനം പ്രസ്തുത സ്ഥാപനങ്ങളുടെ ചുമതലയാണ്.കൃത്യമായ റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാകാത്ത പക്ഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ റോഡുകളുമായി നിർവ്വഹണ ഘട്ടത്തിൽ ഇരട്ടിപ്പ് വരുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാവാം ഇതൊക്കെ പരിഹരിക്കുന്നതിനായി അവസ്ഥാരേഖയുടെ അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനും കുറഞ്ഞ ചെയ്നേജിൽ വാർഡ് അടിസ്ഥാനത്തിൽ റോഡ് പദ്ധതികൾ ഏറ്റെടുക്കുന്നതിന് പകരം മുൻഗണനടിസ്ഥാനത്തിൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി മരാമത്ത് പ്രൊജക്ടുകൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-4 മുട്ടക്കോഴി വളർത്തൽ പദ്ധതി (പൊതുവിഭാഗം)-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - മൃഗസംരക്ഷണ ഓഫീസർ

പ്രൊജക്ട് നം.76/18

ബിൽ നമ്പർ - 02/17-18/30.11.2017 – 2,00,000/-രൂപ (പ്ലാൻ)

ചെക്ക് നം.0228601/25.11.2017 2,00,000/- രൂപ(ഗുണഭോക്തൃവിഹിതം)

ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് സ്വന്തമായി ഒരു വരുമാനം കണ്ടെത്താനും കോഴിമുട്ട ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും ലക്ഷ്യമിട്ട് കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് മുട്ടക്കോഴി വളർത്തൽ പദ്ധതി. ഒരു ഗുണഭോക്താവിന് 10

എണ്ണം മുട്ടക്കോഴി വീതം 400 പേർക്ക് ആകെ 4000 മുട്ടക്കോഴി കുഞ്ഞുങ്ങളാണ് ഈ പദ്ധതി വഴി വിതരണം ചെയ്തിരിക്കുന്നത്. ഒരു കോഴിക്കുഞ്ഞിന് 100/- രൂപയാണ് വില 10 കോഴിക്കുഞ്ഞുങ്ങൾക്ക് 1000/- രൂപ, 50% സബ്സിഡി. ഗുണഭോക്തൃവിഹിതമായി 400 ഗുണഭോക്താക്കൾ 500/-രൂപ വീതം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട് ഗവൺമെന്റ് അംഗീകൃത എഗ്ഗർ നഴ്സറി ആയ നിഷ എഗ്ഗർ നഴ്സറി കടന്നപ്പള്ളി, കണ്ണൂർ ജില്ലയിൽ നിന്ന് ബിൽ നം.29/20.11.2017 പ്രകാരമാണ് മുട്ടക്കോഴി കുഞ്ഞുങ്ങൾ വാങ്ങിയിരിക്കുന്നത്. ഗവൺമെന്റ് അംഗീകാരം നേടിയ സർട്ടിഫിക്കറ്റ്, ആവശ്യമായ വാക്സിനേഷൻ നടത്തിയ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. ബിൽ നമ്പർ - 02/17-18/30.11.2017 – 2,00,000/-രൂപ, ചെക്ക് നം.0228601/25.11.2017 പ്രകാരം 2,00,000/- രൂപ അങ്ങനെ ആകെ 4,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)നിഷ എഗ്ഗർ നഴ്സറി, കടന്നപ്പള്ളി ഈ പദ്ധതി പ്രകാരം 2017 നവമ്പർ മാസത്തിൽ രണ്ട് തവണകളായി 2000 വീതം കോഴിക്കുഞ്ഞുങ്ങളെ കൊണ്ടുവന്ന് വിതരണം നടത്തുകയാണ് ചെയ്തത്. വിതരണം നടക്കുന്ന സമയത്തും പിന്നീട് നവമ്പർ മാസത്തിൽ തന്നെയും നിരവധി കോഴിക്കുഞ്ഞുങ്ങൾ ചത്തൊടുങ്ങിയതായി ഓഡിറ്റ് പരിശോധന സമയത്ത് മൃഗസംരക്ഷണ ഓഫീസർ അറിയിച്ചിട്ടുണ്ട്. മോണിറ്ററിംഗ് സമിതി ഇക്കാര്യം പരിശോധിച്ചിരുന്നുവോ എന്ന് വ്യക്തമല്ല കാരണം മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)2017 നവമ്പർ മാസത്തിൽ വിതരണം ചെയ്ത കോഴിക്കുഞ്ഞുങ്ങൾ ചത്തൊടുങ്ങിയത് സംബന്ധമായി ഒരു റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മൃഗസംരക്ഷണ ഓഫീസർ, കണ്ണൂരിന് അയച്ചത് രണ്ട് മാസം കഴിഞ്ഞ് 16.1.2018 നാണ്. ഭൂരിഭാഗം കോഴിക്കുഞ്ഞുങ്ങളും ചത്തൊടുങ്ങിയതിന്റെ യഥാർത്ഥ കാരണം കണ്ടെത്തി അതിന് വിതരണം ചെയ്ത സ്ഥാപനത്തിന്റെ ഭാഗത്ത് നിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് ഉടൻ പരിശോധിക്കേണ്ടതായിരുന്നു. അങ്ങനെ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടതായിരുന്നു.

3)മൃഗസംരക്ഷണ ഓഫീസർ, കണ്ണൂർ ഈ കത്തിന് എല്ലാ വാക്സിനേഷനുകളും കൃത്യമായി നടത്തിയിട്ടുണ്ട് എന്നാണ് റിപ്പോർട്ട് നൽകിയത്, ഈ വിവരം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി,മോണിറ്ററിംഗ് സമിതി എന്നിവ ചർച്ച ചെയ്തിരുന്നുവോ, ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കേണ്ടതാണ്.

4)ഈ പദ്ധതി വിജയകരമായിരുന്നില്ല, ആകെ 4,00,000/- രൂപ പാഴ് ചെലവാണ് എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. വനിതകൾ സ്വയം വരുമാനം കണ്ടെത്താനും ഗ്രാമപഞ്ചായത്തിൽ കോഴിമുട്ടയുടെ ലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കാനും ലക്ഷ്യമിട്ട പദ്ധതി പൂർണ്ണമായും പരാജയമാണ്.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നം.04/29.9.2018 പ്രകാരം മൃഗസംരക്ഷണ ഓഫീസറെ അറിയിച്ചതിന് 28.09.2018ന് മറുപടി നൽകിയിട്ടുണ്ട്. കഠിനമായ ചൂടും, ട്രാൻസ്പോർട്ടേഷൻ സമയത്തുള്ള സ്ട്രെസ്സുമാണ് കോഴിക്കുഞ്ഞുങ്ങളുടെ മരണകാരണമെന്നാണ് മറുപടി നൽകിയത്. വിതരണം ചെയ്ത സമയത്ത് മരണപ്പെട്ട കോഴിക്കുഞ്ഞുങ്ങൾക്ക് പകരം കോഴിക്കുഞ്ഞുങ്ങളെ നൽകിയിട്ടുണ്ടെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മറുപടി തൃപ്തികരമല്ല, കോഴിക്കുഞ്ഞുങ്ങൾ മരണപ്പെട്ടതിന്റെ യഥാർത്ഥ കാരണം കണ്ടെത്താൻ ബന്ധപ്പെട്ട മൃഗസംരക്ഷണ ഓഫീസറോ, ഗ്രാമപഞ്ചായത്തോ ശ്രമിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കുറച്ച് കൂടി ജാഗ്രതയോടെ ചെയ്യണം എന്ന് നിർദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-5 പശു വളർത്തൽ പദ്ധതി (പൊതുവിഭാഗം)-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - മൃഗസംരക്ഷണ ഓഫീസർ

പ്രൊജക്ട് നം.183/18

ബിൽ നമ്പർ - 09/17-18/20.03.2018– 4,75,,000/-രൂപ (പ്ലാൻ)

ബിൽ നമ്പർ - 12/17-18/20.03.2018– 1,25,000/-രൂപ (പ്ലാൻ)

ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് സ്വന്തമായി ഒരു വരുമാനം കണ്ടെത്താനും പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും ലക്ഷ്യമിട്ട് കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് പശുവളർത്തൽ പദ്ധതി(പൊതുവിഭാഗം). ഒരു പശുവിന് 50000/- രൂപയാണ് വില. 50% സബ്സിഡി. ബാങ്ക് ലോൺ അടിസ്ഥാനമാക്കിയാണ് സബ്സിഡി അനുവദിക്കുന്നത്. ഗുണഭോക്താവിന് ബാങ്ക് ലോൺ അനുവദിക്കണം അതിന് ശേഷം പശുവിനെ വാങ്ങുകയും സബ്സിഡി തുക 25000/- രൂപ ഗുണഭോക്താവിന്റെ ബാങ്ക് ലോൺ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്യുന്നു. ആകെ 24 ഗുണഭോക്താക്കളെയാണ് ഈ പദ്ധതിക്ക് തെരെഞ്ഞെടുത്തത്. ഇവർക്ക് വിവിധ ബാങ്കുകൾ ലോൺ അനുവദിക്കുകയും ഓരോ പശുവിനെ വീതം വാങ്ങുകയും ചെയ്തു. ഇവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ആകെ 6,00,000/- രൂപ ബിൽ നമ്പർ - 09/17-18/20.03.2018- 4,75,000/-രൂപ ,ബിൽ നമ്പർ - 12/17-18/20.03.2018– 1,25,000/-രൂപ എന്നിവ പ്രകാരം കൈമാറിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് | സബ്സിഡി തുക | ബാങ്ക് അക്കൗണ്ട് |
|---|---|---|---|
| 1 | പി.ലക്ഷ്മി പാമ്പെരിങ്ങാര,പെട്ടിക്കുണ്ട് | 25000/- | ചീമേനി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 2 | സുധ.കെ.പി കരായാപ്പിൽ,ചീമേനി | 25000/- | ചീമേനി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 3 | എ.ശ്രീജ w/oബാലൻ, കാക്കടവ് | 25000/- | ചീമേനി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 4 | സജിഷ.സി എടത്തിനാംകുഴി, പെട്ടിക്കുണ്ട് | 25000/- | ചീമേനി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 5 | കെ.ദാക്ഷായണി w/oകുഞ്ഞിരാമൻ പെരിങ്ങര,പെട്ടിക്കുണ്ട് | 25000/- | ചീമേനി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |

| | | | |
|---|---|---|---|
| 6 | ചന്ദ്രിക.ടി<br>പാലത്തേര,തിമിരി | 25000/- | തിമിരി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 7 | പി.പി.ലളിത<br>പാലത്തേര,തിമിരി | 25000/- | തിമിരി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 8 | ലത.കെ<br>കീരാംതോട്, തിമിരി | 25000/- | തിമിരി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 9 | പ്രമീള.സി<br>കീരാംതോട്,തിമിരി | 25000/- | തിമിരി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 10 | പുഷ്പലത.കെ.വി<br>പുലിക്കുണ്ട്, തിമിരി | 25000/- | തിമിരി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 11 | ഉണ്ടച്ചി<br>w/oകൊട്ടൻ<br>കാക്കടവ് ഹൗസ്,പൊതാവൂർ | 25000/- | കാനറാ ബാങ്ക് ചെറുവത്തൂർ |
| 12 | നിഷ.പി<br>പാടിയിൽ ഹൗസ്<br>ഞണ്ടാടി,കയ്യൂർ | 25000/- | കാനറാ ബാങ്ക് ചെറുവത്തൂർ |
| 13 | ടി.എം.ജൂലി<br>തൊണ്ടിമറ്റത്തിൽ ഹൗസ്<br>തോട്ടുപ്പാളി,ചീമേനി | 25000/- | കാനറാ ബാങ്ക് ചെറുവത്തൂർ |
| 14 | നസീമ.എം<br>d/oആയിഷ<br>അത്തുട്ടി, കുപ്പമൺ, പെട്ടിക്കുണ്ട് | 25000/- | കാനറാ ബാങ്ക് ചെറുവത്തൂർ |
| 15 | തങ്കമണി.ടി<br>അരയാപ്പിൽ ഹൗസ് | 25000/- | കാനറാ ബാങ്ക് ചെറുവത്തൂർ |

| | | | |
|---|---|---|---|
| | ആലന്തട്ട, വലിയപൊയിൽ | | |
| 16 | ബിന്ദു.ഇ.പി<br>d/oരാഘവൻ, മുഴക്കോം<br>ക്ലായിക്കോട് | 25000/- | കാനറാ ബാങ്ക് ചെറുവത്തൂർ |
| 17 | തമ്പായി.കെവി<br>w/oസുരേശൻ<br>കുളിയാട്,പെട്ടിക്കുണ്ട് | 25000/- | കാനറാ ബാങ്ക് ചെറുവത്തൂർ |
| 18 | കുഞ്ഞാലിമ.കെ.പി<br>മുണ്ട, വലിയപൊയിൽ | 25000/- | കേരളാഗ്രാമീൺ ബാങ്ക്, ചീമേനി |
| 19 | ഇന്ദിര.എം<br>w/oപരമേശ്വരൻ<br>നിടുംബ,ചീമേനി | 25000/- | കയ്യൂർ സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 20 | തമ്പായി.വി<br>w/o ബാബു.സി.കെ<br>ചെമ്പ്രകാനം,തിമിരി | 25000/- | കാനറാ ബാങ്ക് ചെറുവത്തൂർ |
| 21 | രാജമ്മ.വി.എസ്<br>w/oസുരേഷ്ബാബു.എം.ജി<br>ചെമ്പ്രകാനം,തിമിരി | 25000/- | കാനറാ ബാങ്ക് ചെറുവത്തൂർ |
| 22 | ഷീബ.കെ<br>w/o രാജീവൻ<br>ചാലയിൽ,മുഴക്കോം | 25000/- | കാനറാ ബാങ്ക് ചെറുവത്തൂർ |
| 23 | രുഗ്മിണി.സി.കെ<br>d/oചിണ്ടൻ<br>ചള്ളുവക്കോട് | 25000/- | കയ്യൂർ സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 24 | ആത്തിക്ക.എ.ജി<br>w/o ഇസ്മായിൽ കാവുങ്കാൽ<br>കാക്കടവ്,പെട്ടിക്കുണ്ട് | 25000/- | കാനറാ ബാങ്ക് ചെറുവത്തൂർ |
| | | 6,00,000/- | |

മേൽ വിവരിച്ച 24 ഗുണഭോക്താക്കളിൽ ക്രമ നമ്പർ 7,18,19 എന്നീ 3 പേരുടെ പശുക്കളെ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ മാത്രമെ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ. ബാക്കി 21 പശുക്കളെ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ക്രമ നമ്പർ 21

രാജമ്മ.വി.എസ് എന്നവരുമായി കരാർ ചമച്ചത് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല, ഹാജരാക്കേണ്ടതാണ്. കൂടാതെ ഈ പദ്ധതിക്ക് പശുക്കളെ വാങ്ങുമ്പോൾ ഈ പ്രദേശത്തിന് യോജിക്കുന്ന വിധമുള്ളവയെ തെരെഞ്ഞെടുക്കാൻ ശ്രദ്ധിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്. ഈ പ്രദേശത്തിന് യോജിച്ച തരത്തിലുള്ള ഉരുക്കൾ ഏതെന്നും, അവ എവിടെ ലഭ്യമാകും എന്നത് സംബന്ധമായി വെററിനറി സർജ്ജൻ ഒരു രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.07/25.9.2018 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മൃഗസംരക്ഷണ ഓഫീസർ മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 6,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-6 പശു വളർത്തൽ പദ്ധതി (പട്ടികജാതി വിഭാഗം)-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - മൃഗസംരക്ഷണ ഓഫീസർ

പ്രൊജക്ട് നം.160/18

ബിൽ നമ്പർ - 01/17-18/17.11.17– 60,000/-രൂപ (പ്ലാൻ)

ബിൽ നമ്പർ - 05/17-18/25.1.18 – 60,000/-രൂപ (പ്ലാൻ)

ബിൽ നമ്പർ - 07/17-18/21.2.18 – 60,000/-രൂപ (പ്ലാൻ)

ബിൽ നമ്പർ - 11/17-18/25.3.18 – 60,000/-രൂപ (പ്ലാൻ)

ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽ പെട്ട വനിതകൾക്ക് സ്വന്തമായി ഒരു വരുമാനം കണ്ടെത്താനും പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും ലക്ഷ്യമിട്ട് കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് പശുവളർത്തൽ പദ്ധതി(പട്ടികജാതി വിഭാഗം). ഒരു പശുവിന് 50000/- രൂപയാണ് വില. 60% സബ്സിഡി. ബാങ്ക് ലോൺ അടിസ്ഥാനമാക്കിയാണ് സബ്സിഡി അനുവദിക്കുന്നത്. ഗുണഭോക്താവിന് ബാങ്ക് ലോൺ അനുവദിക്കണം അതിന് ശേഷം പശുവിനെ വാങ്ങുകയും സബ്സിഡി തുക 30000/- രൂപ ഗുണഭോക്താവിന്റെ ബാങ്ക് ലോൺ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്യുന്നു. ആകെ 8 ഗുണഭോക്താക്കളെയാണ് ഈ പദ്ധതിക്ക് തെരെഞ്ഞെടുത്തത്. ഇവർക്ക് വിവിധ ബാങ്കുകൾ ലോൺ അനുവദിക്കുകയും ഓരോ പശുവിനെ വീതം വാങ്ങുകയും ചെയ്തു. ഇവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ആകെ 2,40,000/- രൂപ മേൽ ബില്ലുകൾ പ്രകാരം കൈമാറിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് | സബ്സിഡി തുക | ബാങ്ക് അക്കൗണ്ട് |
|---|---|---|---|
| 1 | പി.എം.ചന്ദ്രമതി<br>പുലിക്കുണ്ട്, തിമിരി | 30,000/- | തിമിരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 2 | ചന്ദ്രമതി.യു<br>ഞാണംകൈ, തിമിരി | 30,000/- | തിമിരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 3 | ലീല.കെ<br>ഉച്ചത്തിടിൽ ഹൗസ് | 30,000/- | കാനറാ ബാങ്ക്<br>ചെറുവത്തൂർ |

| | | | |
|---|---|---|---|
| | വലിയെപായിൽ | | |
| 4 | സുമതി സുകുമാരൻ<br>എ.എസ്.നിവാസ്<br>കാരക്കാട്,പെട്ടിക്കുണ്ട് | 30,000/- | ചീമേനി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 5 | എം.ലക്ഷ്മി<br>അത്തുട്ടി, ചീമേനി | 30,000/- | ചീമേനി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 6 | ടി.തങ്കമണി<br>അത്തുട്ടി, ചീമേനി | 30,000/- | ചീമേനി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 7 | മിനി.ഒ<br>കാരക്കാട്, ചീമേനി | 30,000/- | തിമിരി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| 8 | ഭാർഗ്ഗവി.പി<br>തച്ചർണ്ണംപൊയിൽ<br>വലിയപൊയിൽ | 30,000/- | തിമിരി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് |
| | | 2,40,000/- | |

പട്ടികജാതി വിഭാഗത്തിന് വേണ്ടിയുള്ള ഈ പദ്ധതിക്കായി തെരെഞ്ഞെടുത്ത മേൽ വിവരിച്ച 8 ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണ് എന്ന് തെളിയിക്കാനാവശ്യമായ ജാതി സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.06/25.9.2018 പ്രകാരം ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മൃഗസംരക്ഷണ ഓഫീസർ മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 2,40,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-7 ഓണം ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ച് പിടിച്ചിട്ടില്ല.

വൗച്ചർ നം.21700305/28.8.2017 – 70,000/-

2017-18 വർഷത്തിൽ ഓണം ഫെസ്റ്റിവൽ അഡ്വാൻസായി മേൽ വൗച്ചർ പ്രകാരം 5 ജീവനക്കാർക്ക് താഴെപ്പറയും പ്രകാരം ആകെ 70,000/-രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തുക |
|---|---|---|
| 1 | അജിത് കുമാർ.പി.ഡി, അസി.സെക്രട്ടറി | 15,000/- |
| 2 | വിനോദ്.സി.വി, അക്കൗണ്ടന്റ് | 10,000/- |
| 3 | സജിന.പി.ജി,സീനിയർ ക്ലാർക്ക് | 15,000/- |

| | | |
|---|---|---|
| 4 | പ്രദീപൻ ചിറയൻ | 15,000/- |
| 5 | അനുപമ രാമകൃഷ്ണൻ | 15,000/- |
| | ആകെ | 70,000/- |

മേൽ സൂചിപ്പിച്ച പ്രകാരം ഓണം ഫെസ്റ്റിവൽ അഡ്വാൻസ് തുക കൈപ്പറ്റിയ 5 ജീവനക്കാരിൽ ക്രമ നമ്പർ (1) അജിത് കുമാർ.പി.ഡി, അസി.സെക്രട്ടറി ഒഴികെയുള്ളവർ മുഴുവൻ തുകയും തിരികെ ഒടുക്കിയിട്ടുണ്ട്. ശ്രീ.അജിത് കുമാർ.പി.ഡി, അസി.സെക്രട്ടറി 15.11.2017 ന് പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറി പോയിട്ടുണ്ട്. 3 ഗഡുക്കളായി 3000/- രൂപ വീതം ആകെ 9000/- രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. സ്ഥലം മാറ്റം ലഭിച്ചതിന് ശേഷമുള്ള ബാക്കി 2 ഗഡു 6000/-രൂപ നാളിതുവരെയായി തിരികെ ഈടാക്കിയിട്ടില്ല. നെല്ലായ ഗ്രാമപഞ്ചായത്തിൽ നിന്നും ഓണം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ റിക്കവറി നടത്തിയ 6000/-രൂപ കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിൽ ഒടുക്കുവാനായി 24.3.2018 ന് സെക്രട്ടറിക്ക് കത്ത് അയച്ചിട്ടുണ്ട്. പക്ഷെ 6 മാസം പിന്നിട്ടിട്ടും തുക തിരികെ നൽകിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.22/04.10.2018 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ഈ തുക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകിയത്- ക്രമീകരിച്ചിട്ടില്ല.

കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 99 പ്രകാരം അടിയന്തിര സാഹചര്യങ്ങളിൽ അനുവദിക്കുന്ന മുൻകൂർ തുകകൾ, വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം പരമാവധി വേഗത്തിൽ ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം ബാങ്ക് പലിശ നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്.ഇതു സംബന്ധിച്ച 04.10.2011 ലെ ജി.ഒ(പി) നം. 419/11(ഫിൻ) നമ്പർ ഉത്തരവ് പ്രകാരം മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാതിരിക്കുകയും, എന്നാൽ ക്രമീകരിച്ച ബില്ലുകൾ യഥാസമയം സമർപ്പിക്കുകയും ചെയ്താൽ വിനിയോഗിക്കാത്ത തുകക്ക് 18% വാർഷിക പലിശ ഈടാക്കേണ്ടതുമാണ്. എന്നാൽ ക്രമീകരിച്ച ബില്ലുകൾ യഥാസമയം സമർപ്പിക്കാതിരുന്നാൽ മുൻകൂർ തുക മുഴുവനും ഒറ്റത്തവണയായി തിരിച്ചടക്കേണ്ടതും തുക അനുവദിച്ച തിയ്യതി മുതൽ തിരിച്ചടക്കുന്ന തിയ്യതി വരെ 18% വാർഷിക പലിശ ഈടാക്കേണ്ടതുമാണ്.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അവരുടെ ദൈനംദിന ചെലവുകൾക്കായി മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്. തുക അനുവദിച്ച വൗച്ചറിന്റെ കൂടെ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും ചെലവഴിച്ച തുക, ബാക്കി തുക എന്നിവ കാണിക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് ഉണ്ട്. അത് പ്രകാരം ചെലവഴിച്ച തുകയും ബാക്കി തുകയും താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | തുക | ചെലവഴിച്ച തുക | ബാക്കി തുക | തുക കൈപ്പറ്റിയ നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 21700403/dt. 8.10.17 | 12,000/- | 9,504/- | 2,496/- | മെഡിക്കൽ ഓഫീസർ, (ഹോമിയോ) |
| 2 | 21700409/dt. 8.10.17 | 57,700/- | 56,090/- | 1,610/- | മൃഗസംരക്ഷണ ഓഫീസർ |
| 3 | 21700410/dt. 8.10.17 | 35,600/- | 33,970/- | 1,630/- | കൃഷി ഓഫീസർ |

| | | | | | |
|---|---|---|---|---|---|
| 4 | 21700545/dt. 29.11.17 | 23,600/- | 7,235/- | 16,365/- | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| | ആകെ | 128900/- | 106799/- | 22101/- | |

മേൽ വിവരിച്ച പ്രകാരം ആകെ 1,28,900/- രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ ആയി നല്കിയത് ക്രമീകരിച്ചതിന്റെ വിശദവിവരങ്ങൾ, ചെലവ് വൗച്ചറുകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്, പക്ഷെ ചെലവ് കഴിച്ച് ബാക്കി തുക തിരികെ ഒടുക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.19/04.10.2018 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. മുൻകൂർ ക്രമീകരിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. ബാക്കി തുക 22,101/-രൂപ തിരികെ ഒടുക്കി വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 അഗതി രഹിത കേരളം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച്

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഇതു സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ സർക്കുലർ നം. 472/ഐ.എ.1/2017/ത.സ്വ.ഭ.വ. തീയ്യതി 22.12.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതുമാണ്. മേൽ സർക്കുലർ പ്രകാരം, വിശദമായി തയ്യാറാക്കിയ അഗതിരഹിത കേരളം പദ്ധതിരേഖ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് 31.01.2018 ന് മുമ്പായി സമർപ്പിക്കേണ്ടതുമാണ്. കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് അഗതിരഹിത കേരളം പദ്ധതിരേഖ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് സമർപ്പിച്ചുവോ, ഇല്ലെങ്കിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട സ്വീകരിച്ച നടപടികൾ അറിയിക്കാനും ഓഡിറ്റ് എൻക്വയറി നം.12/04.10.2018 പ്രകാരം ആവശ്യപ്പെട്ടതിന് 05.10.2018 ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതിരേഖ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട് എന്നും അംഗീകാരം നാളിതുവരെ ലഭിക്കാത്തതിനാലാണ് പദ്ധതി ആരംഭിക്കാത്തത് എന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. അംഗീകാരം ലഭിക്കുന്ന മുറക്ക് പദ്ധതി ആരംഭിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം പ്രോത്സാഹിപ്പിക്കുന്നു.

കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിൽ തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവരുടെ വിവരം പരിശോധന നടത്തിയപ്പോൾ 213പേരാണ് തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവരുടെ പട്ടികയിൽ ഉള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അസംഘടിത അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യത സർക്കാർ സ്വയം ഏറ്റെടുത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ്

പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 258/- രൂപ). ഇതു വഴി ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/യുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരം പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എം.എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷങ്ങളിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| 2017-18 | 213 | 3,42,480/- |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നിരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുന്നത് ശരിയായ നടപടിയല്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-11 വിവിധ പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.187/18

ബിൽ നം.09/17-18/27.03.2018 – 1,92,516/-

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കയ്യൂർ സെക്ഷൻ സമർപ്പിച്ച 2,96,921/-രൂപയുടെ നം.DB25/AS/48,49,50,51,52,53 /17-18, തിയ്യതി,27.3.2018 എസ്റ്റിമേറ്റ് ഭരണസമിതി തീരുമാനം നം.10(4), തിയ്യതി 26.3.2018 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ ബിൽ നം.09/17-18/27.03.2018 പ്രകാരം ആകെ 1,92,516/-രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കയ്യൂർ സെക്ഷൻ ബാങ്ക് അക്കൗണ്ടിലേക്ക് (എസ്.ബി.ഐ, കയ്യൂർ ശാഖ) ഡെപ്പോസിറ്റ് നടത്തിയിട്ടുണ്ട്. ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.14/04.10.2018 പ്രകാരം പൂർത്തീകരണ വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 4.10.2018 ന് മറുപടി നൽകിയിട്ടുണ്ട്. അടിയന്തിരമായി

പ്രവർത്തി പൂർത്തീകരിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്, അതിനാൽ ഈ പ്രവർത്തി പൂർത്തീകരിച്ച് അതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-12 അഗതി ആശ്രയ പദ്ധതി-ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.128/18

ബിൽ നം.01/17-18/12.10.17 – 5,00,000/-

അസി.സെക്രട്ടറി നിർവ്വഹണത്തിൽ അഗതി ആശ്രയ പദ്ധതിയിൽ അശരണരായ 2 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം നടത്തുന്നതിന് വേണ്ടി ആകെ 5,00,000/- രൂപ മേൽ ബിൽ പ്രാകാരം കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അരയാം തുരുത്തി നാരായണി, വി.വി.വേണു, കയ്യൂർ എന്നീ 2 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉള്ളത്. അതിൽ അരയാം തുരുത്തി നാരായണി എന്ന ഗുണഭോക്താവിന് 2,50,000/-രൂപ 5 ഗഡുക്കളായി നൽകുകയും ഭവനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വി.വി.വേണു, കയ്യൂർ എന്ന ഗുണഭോക്താവിന്റെ ഭവനം പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. 4 ഗഡുക്കളായി ആകെ 2,00,000/- രൂപ വി.വി.വേണുവിന് നൽകിയിട്ടുണ്ട്. ഈ ഭവനത്തിന്റെ നിലവിലെ സ്ഥിതി എന്താണ്, എന്ത് കൊണ്ട് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്നിവ വിശദമാക്കാൻ ഓഡിറ്റ് എൻക്വയറി നം.14/04.10.2018 പ്രകാരം ആവശ്യപ്പെട്ടതിന് 4.10.2018 ന് മറുപടി നൽകിയിട്ടുണ്ട്. 2018 ഒക്ടോബർ 31നകം ഭവനനിർമ്മാണം പൂർത്തീകരിക്കും എന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. അതിനാൽ ഈ ഭവനത്തിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-13 അമൃതം ന്യൂട്രിമിക്സ് പർച്ചേസ്- അധിക നിരക്കിൽ GST നൽകി- പഞ്ചായത്ത് ഫണ്ടിന് 24534/- രൂപയുടെ നഷ്ടം.

പ്രൊജക്ടിന്റെ പേരും നമ്പറും : അംഗനവാടി അനുപൂരക പോഷകാഹാരം, (SO009/2018)

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്രവൈസർ

സ്റ്റാന്റിംഗ് കമ്മറ്റി : ക്ഷേമകാര്യം , അടങ്കൽ : 30,00,000/-

കുടുംബശ്രീ സ്ഥാപനമായ യുവധാര ന്യൂട്രിമിക്സ് യൂണിറ്റ്, ചെറിയാക്കര, കയ്യൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് അംഗനവാടികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള പോഷകാഹാരം (അമൃതം ന്യൂട്രിമിക്സ്) വാങ്ങിയിട്ടുള്ളത്. GO(MS)No. 1450/2018 LSGD, Dtd 25.05.2018 ഉത്തരവ് പ്രകാരം 01.11.2017 മുതൽ അമൃതം ന്യൂട്രിമിക്സിന്റെ ജി എസ് ടി 5% ആക്കി പുനർനിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർത്ത ബില്ലുകൾ പ്രകാരം അധിക നിരക്കിൽ (18%) ജി എസ് ടി നൽകിയത് മൂലം 24,534- രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബില്ല് നം/ ചെക്ക് നം& തീയ്യതി. തുക | ഇൻവോയ്സ് നം- | അനുവദിച്ച നികുതി | അനുവദിക്കാവുന്ന നികുതി | അധികം |
|---|---|---|---|---|
| 0602697/ | 11/ 7.12.2017 | 16833.6 | 4676 | 12157.6 @ |

| | | | | |
|---|---|---|---|---|
| 20.12.2017, Rs.1,11,688 | | | | 12158 |
| 23/14.12.2017, Rs.1,71,171 | 06/1.11.2017 | 17136 | 4760 | 12376 |
| ആകെ | | | | 24534 |

ജി.എസ്.ടി ഇനത്തിൽ അധികം നൽകിയ തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

*[എൻക്വയറി നമ്പർ 09/27.09.2018- ന് ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി ഇനത്തിൽ അധികം നൽകിയ തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുമെന്ന് അറിയിച്ചിട്ടുണ്ട്].*

## 3-14 SSA പ്രൊജക്ട് - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് - SSA പഞ്ചായത്ത് വിഹിതം നൽകൽ , പ്രോ.നം. - S0143/18

അടങ്കൽ - 17,00,000 (പ്ലാൻ - ജനറല്) ബിൽ നം. 1/29-06-2017 : 17,00,000/-

നിർവ്വഹണം- ഹെഡ്മിസ്ട്രസ്

ജി.ഒ (എം.എസ്) 4/2016 തി. 11.01.16, ഖണ്ഡിക11.6.ii പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. പ്രൊജക്ട് തദ്ദേശ സ്വയംഭരണ ഭരണ സമിതി അംഗീകരിക്കണം എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്. ഹെഡ്മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ്.എസ്.എ വിഹിതം നൽകൽ എന്ന മേൽ പദ്ധതിക്കായി പിൻവലിച്ച 17,00,000 രൂപ ഏതെല്ലാം സ്കൂളുകൾക്ക്, ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നതു സംബന്ധിച്ച് വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. ആയതു ഹാജരാക്കുന്നതു വരെ 17,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 മെഡിക്കൽ ഓഫീസർ, ആയുർവേദം- ആരോഗ്യ മേഖലയിൽ സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടല്ല.

കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയിൽ (ആയുർവ്വേദം)മരുന്ന് വാങ്ങുന്നതിനായി വാർഷിക പദ്ധതിപ്രകാരം 12,25,000/- ലക്ഷം രൂപ മെഡിക്കൽ ഓഫീസർ ഔഷധിയ്ക്ക് മുൻകൂറായി കൈമാറിയിട്ടുണ്ട്. ഇതു പ്രകാരം ലഭ്യമാകേണ്ട മരുന്നുകൾ ഭാഗീകമായിമാത്രമാണ് ആശുപത്രികൾക്ക് ലഭിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും , ലഭ്യത ഉറപ്പാക്കി ഇതു സംബന്ധിച്ച മറുപടി ബന്ധപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ രേഖകൾ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് നം | തുക കൈമാറിയ സ്ഥാപനം | തുക | ബിൽനം/ ചെക്ക് നം തീയതി | ലഭ്യമായ മരുന്ന് (തുക) | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്ന് (തുക) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർമാർ, ഗവ.ആയുർവേദ ആശുപത്രി | SOO30/18<br>ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൾ | ഔഷധി | 7,75,000<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം ) | 3/17-18/<br>28-09-2017 | 7,47,069 | 27,931 |
| | SOO33/18<br>എൻഡോസൾഫാൻ രോഗികൾക്ക് മരുന്ന് വാങ്ങൾ | ഔഷധി | Rs.1,00,000<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം ) | 1/17-18/<br>23-09-2017 | 98,624 | 1,376 |
| | SOO32/18<br>വൃദ്ധാരോഗ്യ പരിപാലനം | ഔഷധി | Rs.3,50,000<br>(വികസന ഫണ്ട് ജനറൽ ) | 2/17-18/<br>23-09-2017 | 3,48,350 | 1,650 |
| | | ആകെ | 12,25,000/- | | 11,94,043 | 30,957 |

## 3-16 TR 7 A മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാരായ ഡയറി ഫാം ഇൻസ്പെക്ടർ, കൃഷി ഓഫീസർ, വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, വെറ്റിനറി സർജ്ജൻ എന്നിവർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നിർദ്ദിഷ്ട മാതൃകയിലല്ല. 12.04.2006 ലെ ജി.ഒ(പി) നം. 177/2006/ധന ഉത്തരവ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ വരവ്-ചെലവ് വിവരം രേഖപ്പെടുത്തേണ്ടത് TR 7 A മാതൃകയിലുള്ള ക്യാഷ് ബുക്കിലാണ്. സർക്കാർ നിർദ്ദേശം പാലിച്ച് നിർദ്ദിഷ്ട മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-17 തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ, ലൈറ്റ് സ്ഥാപിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.23/18

ബിൽ നം. 20/24.2.2018 - 7,62,320/-രൂപ

ബിൽ നം. 21/24.2.2018 - 17,700/-രൂപ

കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി 2017-18 വർഷത്തിൽ നടപ്പിലാക്കിയതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ പിലിക്കോടിന്റെ എസ്റ്റിമേറ്റ് നം. DB25/AS/35/17-18/dt.9.2.2018 പ്രകാരം ആകെ 8,30,474/- രൂപയാണ് ചെലവ്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് അസി.എഞ്ചിനീയർ കയ്യൂർ സെക്ഷന്റെ കത്ത് നം.D/13/street light/kayyur/17-18/285/dt.16.2.2018 പ്രകാരം തുക എസ്.ബി.ഐ, കയ്യൂർ ബ്രാഞ്ചിൽ അക്കൗണ്ട് നം.57041240487 ൽ നിക്ഷേപം നടത്തിയിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം ആകെ 7,80,020/- രൂപയാണ് നിക്ഷേപം നടത്തിയത്. ഈ

പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.21/04.10.2018 പ്രകാരം പൂർത്തീകരണ വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2017-18 | 425000 | 425000 | നെൽകൃഷിക്ക് കൂലിചെലവ് | 425000 | 0 |
| | | 2017-18 | 100000 | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| | | 2017-18 | 500000 | 500000 | കിണർ റീചാർജിംഗ് | 184600 | 315400 |
| | | 2017-18 | 1000000 | 1000000 | കള്ളപ്പാത്തിശ്മശാന നിർമ്മാണം | 0 | 1000000 |
| | | 2017-18 | 500000 | 500000 | ചീമേനിയിൽവയോജനങ്ങൾക്ക് പകൽ വീട് നിർമ്മാണം | 0 | 500000 |
| | | 2017-18 | 1461000 | 1461000 | ക്ഷീര കർഷകർക്ക് പാൽവില സബ്സീഡി | 1203743 | 257257 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 425000 | 425000 | നെൽകൃഷിക്ക് കൂലിചെലവ് | 425000 | 0 |
| | | 2017-18 | 500000 | 500000 | പാലിയേറ്റീവ് കെയർ | 490014 | 9986 |
| | | 2017-18 | 200000 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ്ക്ക സ്കോളർഷിപ്പ് | 200000 | 0 |
| | | 2017-18 | 1500000 | 1500000 | കള്ളപ്പാത്തിശ്മശാന നിർമ്മാണം | 0 | 1500000 |
| | | 2017-18 | 1000000 | 1000000 | ക്ഷീര കർഷകർക്ക് പാൽവില സബ്സീഡി | 1000000 | 0 |
| Redemption Amount | | | | | Redemption Amount | 3403146 | |
| ആകെ | | | 7611000 | 7611000 | | 7431503 | 179497 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനത്തിന് ഡിപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന്

മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെപേര് | ബിൽ/ വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവു വിളക്ക് ലൈൻ വലിക്കലും ലൈറ്റ് സ്ഥാപിക്കലും | 17200352002301065481/ 24-02-2018(17700)<br>17200352002301065476/ 24.02.2018 (762320) | 780020 | 0 | 780020 |
| കെ.എസ്.ഇ.ബി | വിവിധ എസ്.സി കോളനികളിൽ സ്ട്രീറ്റ് മെസിൻ വലിക്കൽ | 17200352011601336110/ 27-03-2018 | 192516 | 0 | 192516 |
| ഭൂജല വകുപ്പ് കാസർഗോഡ് | മുഴക്കോം ഹോമിയോ ഡിസ്പെൻസറിക്ക് കുടിവെള്ള സൗകര്യം | 03/2-18 തീയതി 12.2.18 | 66200 | 0 | 66200 |
| ഭൂജല വകുപ്പ് കാസർഗോഡ് | ചീമേനി,പോത്താംകണ്ടം, തിമിരി-കോട്ടുമൂല എന്നീ അംഗനവാടികൾക്ക് കുടിവെള്ള സൗകര്യം | 04/2-18 തീയതി 12.2.18 | 226350 | 0 | 226350 |
| ഭൂജല വകുപ്പ് കാസർഗോഡ് | കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിലെ വിവിധ കുഴൽ കിണർ റിപ്പയർ | 03/17-18 തീയതി 16.1.18 | 219868 | 0 | 219868 |
| ഭൂജല വകുപ്പ് കാസർഗോഡ് | പുലിയന്നൂർ നാട്ടിവയൽ പച്ചക്കറി കൃഷിക്ക് ജലസേചന സൗകര്യം ഒരുക്കൽ | 02/10-17 തീയതി 26.10.18 | 65450 | 0 | 65450 |
| ഭൂജല വകുപ്പ് കാസർഗോഡ് | ചാനടുക്കം കമ്മ്യൂണിറ്റി ഹാളിന് വൈദ്യുതീകരണവും കുടിവെള്ള സൗകര്യവും | 03/10-17 തീയതി 27.10.17 | 70700 | 0 | 70700 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഗുണഭോക്തൃസമിതികൾക്ക് നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ /ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | അഡ്ജസ്റ്റ് ചെയ്ത തുക | ബാക്കി |
|---|---|---|---|---|---|---|

| |
|---|
| ഇല്ല |

# 4-4 വായ്പ / വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

വായ്പയിനത്തിൽ ലഭിച്ച തുക

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാന ബാക്കിയുള്ള തു |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാ) ന.453/2010 /തസ്വഭവ തീയ്യതി 09/02/2010 | 1,35,12,000 | 32,00,553 | 32,00,553 | 0 |

# 4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| വർഷം | 2017-18 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ഇല്ല |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയ്യതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| സ്ഥാപനത്തിൽ സ്ഥിര നിക്ഷേപം ഇല്ല | | | | | |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേർ, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2015-16 | 3-2എ | 14050 | നാരായണൻ .കെ.ടി.വി ,ഹെഡ് മാസ്റ്റർ,കുളിയാട് | 117050102712/ 07-10-2017 |
| ആകെ | | 14050 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1,2.2,2.4 | 2016-17 | 2.1,2.2,2.3,2.4 | തൊഴിൽ നികുതി ഈടാക്കാത്തത് | മറുപടിസമർപ്പിച്ചിട്ടുണ്ട് |
| 2015-16 | 2.4,2.5 | 2016-17 | 2.4,2.5 | തൊഴിൽ നികുതി ഈടാക്കാത്തത് | മറുപടിസമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക.നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രശീതി നമ്പർ,തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക ,(തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക(രശീതി നമ്പർ,തീയതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | തുക, (തീയതി) | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2014-15 | 3.2(എ), 3.2(ബി) | നാരായണൻ.കെ.ടി.വി, ഹെഡ്മാസ്റ്റർ, | KSA4239/Special Cell/C.S.C /C2/2016 Dtd.14/07/2017 | 14,050 | 117050102712 Dtd 07/10/2017 | - | - | - | 14,050 | - | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,43,11,140 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,25,48,514 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24,534 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33,17,468 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-13 | | 24,534 | 12,158 രൂപ-ശ്രീമതി.ശോഭ പി , ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>12,376രൂപ-ശ്രീമതി.പങ്കജം.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | | 24,534 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-2 | 6,48,568 | ശ്രീ.രമേശൻ കുറുവാട്ടിൽ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-5 | 6,00,000 | ശ്രീമതി.ആശ.പി , വെറ്റിനറി സർജ്ജൻ |
| 3-6 | 2,40,000 | ശ്രീമതി.ആശ.പി , വെറ്റിനറി സർജ്ജൻ |
| 3-8 | 1,28,900 | ശ്രീ.കൃഷ്ണകുമാർ .ടി.എ, സെക്രട്ടറി |
| 3-14 | 17,00000 | ശ്രീ.രമേശൻ. പി വി , പ്രധാനാധ്യാപകൻ |
| ആകെ | 33,17,468 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്നസമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശോഭ പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ ചീമേനി ഗ്രാമപഞ്ചായത്ത് | പുത്തലത്ത്ഹൗസ്, നിയർ റെയിൽവെഗേറ്റ് ചെറുവത്തൂർ,കാസർഗോഡ് |
| ശ്രീമതി.പങ്കജം.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ താനൂർ ഗ്രാമപഞ്ചായത്ത് | കോലകോകണ്ടി ഹൗസ്, വള്ളിക്കുന്ന്നോർത്ത്പി.ഒ, കടലുണ്ടി നഗരം വഴി, മലപ്പുറം. pin-673314 |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| 1989-90,1990-91, 1991-92,1992-93 | എൽ.എഫ്.കെ.എസ്.ഡി-5: 147/2000, തി: 14.02.2001 | 7 |
| 1993-94, 1994-95,1995-96 | എൽ.എഫ്.കെ.എസ്.ഡി4-02/2006, തി:07.07.2007 | 6 |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി5-497/2000,തി: 20.01.2000 | 23 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി5-222/02, തി: 17.06.2002 | 17 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി-4-93/03, തി: 05.06.2003 | 6 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി-4-91/04, തി: 04.07.2005 | 6 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി-4-92/04, തി: 04.07.2005 | 5 |
| 2000-01 (F) | എൽ.എഫ്.കെ.എസ്.ഡി4-613/05, തി: 17.02.2007 | 9 |
| 2001-02 (F) | എൽ.എഫ്.കെ.എസ്.ഡി3/275/06, തി: 14.11.2008 | 6 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി-3:45/10, തി:23.12.2010 | 3 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി3:46/10, തി:13.05.2011 | 9 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി3:393/12, തി:02.06.2012 | 3 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.കെ.എസ്.ഡി4:765/12 , തി:27.10.11/16.04.12 | 4 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി3:394/12, തി:02.06.2012 | 3 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി3:395/12, തി: 02.06.2012 | 5 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി-4:940/10, തി: 08.02.12/10.07.12 | 3 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി-3:238/12, തി: 04.10.12/30.01.13 | 20 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി-3:238/12, തി: 04.10.12/30.01.13 | 18 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി-7: 1047/13, തി: 16.07.14/19.09.14 | 23 |
| 2012-13, 2013-14 | എൽ.എഫ്.കെ.എസ്.ഡി-8: 86/2015 , തി: 15.05.2015 | 11 |
| 2014-15 | കെ.എസ്.എ/കെ.എസ്.ഡി-9/1038/2015 തി: 30/10/2015 | 18 |
| 2015-16 | കെ.എസ്.എ/കെ.എസ്.ഡി 9-1258/2016 തി.20-12-16 | 18 |
| 2016-17 | കെ.എസ്.എ/കെ.എസ്.ഡി 9-1258/2016 തി.20-12-16 | 18 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-9/549/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് -671123.

E-mail:- doksd.ksad@kerala.gov.in
ഫോൺ : 04994256690.

തീയതി.14-08-2018.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

No. KSA-KSD-9/549/2018.

Kerala State Audit Department,

District Audit Office, Kasaragod – 671123.

E-mail:- doksd.ksad@kerala.gov.in
Phone : 04994256690

Dated:14-08.2018.

## AUDIT CERTIFICATE

Certified that, I have audited the Annual Financial Statement of Kayyur-Cheemeni Grama Panchayat in Kasaragod District for the year ended on 31.03.2018, in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.In my opinion, the Financial Statements of Kayyur-Cheemeni Grama Panchayat for the year 2017-18, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kasaragod.

## അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Kayyur - Cheemeni Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17224997.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1675650.00 |
| 130000000 | Rental income from Panchayat Properties | RP-3 | 8500.00 |
| 140000000 | Fees & User Charges | RP-4 | 401378.00 |
| 150000000 | Sale & Hire Charges | RP-5 | 412662.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 44423758.00 |
| 171000000 | Interest Earned | RP-9 | 204129.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12449089.00 |
| 350000000 | Other Liabilities | RP-36 | 193544.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 17410.00 |
| 340000000 | Deposits Received | RP-34 | 87756.00 |
| 350000000 | Other Liabilities | RP-36 | 217049.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3551349.00 |
| 460000000 | Loans, Advances and Deposits | RP-47 | 668866.00 |
| | Grand total | | 81536137.00 |
| | PAYMENTS | | |
| | Operating | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 2664167.00 |
| 220000000 | Administrative Expenses | RP-12 | 1022854.00 |
| 230000000 | Operations & Maintenance | RP-13 | 727219.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5316758.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 11497052.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 867142.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 339526.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 922680.00 |
| | Schemes | | |
| | Maintenance Projects | RP-20 | 8159086.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 63651.00 |
| 260000000 | | RP-22 | 45100.00 |
| 320000000 | 255000000 | RP-31 | 135050.00 |
| 350000000 | Other Liabilities | RP-36 | 8079696.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 652.00 |
| 280000000 | Prior Period Item | RP-26 | -6530.00 |
| 330000000 | Secured Loans | RP-32 | 3200553.00 |
| 340000000 | Deposits Received | RP-34 | 2250.00 |
| 350000000 | Other Liabilities | RP-36 | 1883931.00 |
| 410000000 | Fixed Assets | RP-38 | 10148376.00 |

| | | | |
|---|---|---|---|
| 412000000 | Capital work in Progress | RP-40 | 299550.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 14998329.00 |
| 460000000 | Loans, Advances and Deposits | RP-47 | 2181422.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 8987623.00 |
| Cash | Cash | RP-40(b) | 0.0 |
| Grand Total | | | 81536137.00 |

## അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kayyur - Cheemeni Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4410758.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 85642.00 |
| 140000000 | Fee & User Charges | I-4(b) | 562768.00 |
| 150000000 | Sale & Hire Charges | I-5(b) | 423162.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 115699045.00 |
| 171000000 | Interest Earned | I-8 | 204129.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 17410.00 |
| | Total Income | | 121402914.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8621545.00 |
| 220000000 | Administrative Expenses | I-11(b) | 1199229.00 |
| 230000000 | Operations & Maintenance | I-12(b) | 727219.00 |
| 240000000 | Interest & Finance Charges | I-13 | 652.00 |
| 250000000 | Decentralised Plan Programme-Productive Sector/Programme Expenses | I-14 | 11897639.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 40805349.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1117054.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 604799.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 44482680.00 |
| 255000000 | Maintenance Projects | I-14(e) | 8159086.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 63651.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 78639.00 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 7996839.00 |
| | Total Expenditure | | 125754381.00 |
| | Gross Surplus/ Deficit of income over Expenditure | | -4351467.00 |
| 280000000 | Prior Period Item | I-18 | -819560.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -3531907.00 |

## അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| Kayyur - Cheemeni Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -2463679.60 |
| 311000000 | Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 68458065.00 |
| | Total Reserve & Surplus | | 65994385.40 |
| | Grants, Contributions for Specific Purposes | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9769891.00 |
| | Total Grants, Contributions for Specific Purposes | | 9769891.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 218643.00 |
| 350000000 | Other Liabilities | B-9 | 1703008.60 |
| | Total Current Liabilities and Provisions | | 1921651.60 |
| | TOTAL LIABILITIES | | 77685928.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 77549205.00 |
| 411000000 | Accumulated Depreciation | B-11 | -25578062.00 |
| 412000000 | Capital Work in Progress | B-11(a) | 299550.00 |
| | Total Fixed Assets | | 52270693.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 14998329.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 8987623.00 |
| 460000000 | Loand, Advances and Deposits | B-18 | 1429283.00 |
| | Total Current Assets, Loans and Advances | | 25415235.00 |